**പതിനഞ്ചാം കേരള നിയമസഭ**

**എസ്റ്റിമേറ്റ്സ് കമ്മിറ്റി**
**(2023–2026)**

**മുപ്പത്തിനാലാമത് റിപ്പോർട്ട്**

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019–21)യുടെ ഇരുപതാമത് റിപ്പോർട്ടിലെ (പോലീസ് വകുപ്പിനെ സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട് ]**

(2026 ഫെബ്രുവരി മാസം 24–ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനഞ്ചാം കേരള നിയമസഭ

എസ്റ്റിമേറ്റ്സ് കമ്മിറ്റി
(2023-2026)

മുപ്പത്തിനാലാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-21)യുടെ ഇരുപതാമത് റിപ്പോർട്ടിലെ (പോലീസ് വകുപ്പിനെ സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട് ]

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | |
| മുഖവുര | : | |
| അദ്ധ്യായം I: | | |
| റിപ്പോർട്ട് | : | 1 |
| അദ്ധ്യായം II: | | |
| ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | : | 1 |
| അദ്ധ്യായം III: ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അധികവിവരം ആവശ്യപ്പെട്ടവയും ഇനിയും മറുപടി ലഭ്യമാക്കാത്തതുമായവ | : | 27 |
| അനുബന്ധം I: | | |
| അനുബന്ധം II: | | |
| അനുബന്ധം III: | | |

**എസ്റ്റിമേറ്റ്സ് കമ്മിറ്റി**
**(2023–2026)**

**ഘടന**

**<u>ചെയർപേഴ്സൺ</u>**

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

**<u>അംഗങ്ങൾ</u>**

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം. എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എൻ. ഷംസുദ്ദീൻ

**<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>**

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി–ഇൻ–ചാർജ്ജ്

ശ്രീ. ആർ. എസ്. സന്തോഷ്കുമാർ , ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. ജയകുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ്കുമാർ എം.കെ., അണ്ടർ സെക്രട്ടറി

# മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-2026)യുടെ ചെയർപേഴ്സണായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മുപ്പത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-21)യുടെ ഇരുപതാമത് റിപ്പോർട്ട് (പോലീസ് വകുപ്പിനെ സംബന്ധിച്ച്) 2019 നവംബർ മാസം 5-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ആകെ 23 ശിപാർശകളാണുണ്ടായിരുന്നത്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും സമിതി ആരാഞ്ഞ അധികവിവരത്തിന്മേൽ ഇനിയും മറുപടി ലഭ്യമാക്കാനുള്ളവയും നടപടി റിപ്പോർട്ടുകൾ ലഭ്യമാക്കാത്ത ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി മാസം 23-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

**കെ. കെ. ശൈലജ ടീച്ചർ,**
ചെയർപേഴ്സൺ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഫെബ്രുവരി 24

# റിപ്പോർട്ട്

## അദ്ധ്യായം-I

പതിനാലാം കേരള നിയമസഭാ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-21)യുടെ ഇരുപതാമത് റിപ്പോർട്ട് (പോലീസ് വകുപ്പിനെ സംബന്ധിച്ച്) 2019 നവംബർ മാസം 5-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 23 ശിപാർശകളാണുണ്ടായിരുന്നത്.

ശിപാർശകളിന്മേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിന് റിപ്പോർട്ടിന്റെ പകർപ്പ് 07.02.2020-ന് സർക്കാരിലേയ്ക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃത കുറിപ്പുകൾ 04.02.2022, 12.08.2022, 26.03.2024, 22.11.2024, 31.07.2025, 23.10.2025 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിച്ചു.

സമിതി (2019-21)യുടെ ഇരുപതാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

സമിതി ശിപാർശകളിന്മേലും, സർക്കാർ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ പരിഗണിച്ചവയിൽ സമിതി ആരാഞ്ഞ അധികവിവരങ്ങളിന്മേലും ഇനിയും സർക്കാർ മറുപടി ലഭ്യമാക്കാത്തവ അദ്ധ്യായം III-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആയതിന്മേൽ അനന്തരനടപടി സ്വീകരിച്ച് സമിതിയെ അറിയിക്കേണ്ടതാണ്.

## അദ്ധ്യായം – II

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

**[ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്]**

### ശിപാർശ 1 (ഖണ്ഡിക 1)

### റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ നടത്തുന്നുണ്ടെങ്കിലും റോഡപകടങ്ങളുടെ നിരക്ക് ഓരോ വർഷവും കൂടി വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. റോഡപകടങ്ങളിൽ ജീവൻ

പൊലിഞ്ഞവരുടെ എണ്ണവും വർഷം തോറും കൂടി വരുന്നതായി കാണുന്നു. വർദ്ധിച്ചു വരുന്ന വാഹനങ്ങൾ, ജനങ്ങളുടെ അശ്രദ്ധമായ വാഹന ഉപയോഗം, ട്രാഫിക്ക് ഡ്യൂട്ടിയ്ക്കായുള്ള ഉദ്യോഗസ്ഥരുടെ അപര്യാപ്തത, ട്രാഫിക്ക് സുരക്ഷാ രംഗത്തുള്ള മെച്ചപ്പെട്ട സാങ്കേതിക വിദ്യകളുടെ അഭാവം എന്നിവയെല്ലാം ഇതിന് കാരണമാകുന്നു.

ട്രാഫിക് നിയമലംഘകരെ പിൻതുടർന്ന് പിടികൂടുകയും പിഴ ഈടാക്കുകയും ചെയ്യുന്ന രീതി ഒഴിവാക്കി ഹെൽമെറ്റ് ധരിക്കാതിരിക്കുക, അമിത വേഗത്തിൽ വാഹനമോടിക്കുക, ട്രാഫിക് നിയമങ്ങൾ ലംഘിച്ച് വാഹനങ്ങൾ ഓവർടേക്ക് ചെയ്യുക എന്നിവ കണ്ടു പിടിക്കുന്നതിനായി കൂടുതൽ നിരീക്ഷണ ക്യാമറകൾ വിന്യസിച്ച്, നിയമലംഘകർക്കെതിരെ കർശന നടപടി സ്വീകരിക്കുന്ന രീതി അവലംബിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ആഭ്യന്തര (എസ്.സി.) വകുപ്പ്

വാഹനങ്ങളുടെ അമിത വേഗത, മദ്യപിച്ചുള്ള വാഹനമോടിക്കൽ, ട്രാഫിക് സിഗ്നൽ ലംഘനങ്ങൾ, ഭാരവാഹനങ്ങളിലെ അമിത ഭാരം തുടങ്ങിയ കാരണങ്ങളും വാഹനാപകടങ്ങൾക്കും ജീവൻ നഷ്ടത്തിനും കാരണമാകുന്നുണ്ട്. ശിപാർശയിൽ സൂചിപ്പിച്ച ട്രാഫിക് നിയമലംഘനങ്ങളിൽ അമിത വേഗതയിൽ വാഹനമോടിക്കുന്നവരെ കണ്ടെത്തുന്നതിനായി പോലീസ് ഡിപ്പാർട്ട്മെന്റ് കെൽട്രോണുമായി ചേർന്ന് ഹൈ-ടെക്ക് ട്രാഫിക് എൻഫോഴ്സ്മെന്റ് കൺട്രോൾ മുഖാന്തരം കേരളത്തിലെ ദേശീയ പാതകളിലും, സംസ്ഥാനപാതകളിലുമായി 100 സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതും നിയമലംഘകർക്ക് പിഴ ചുമത്തി വരുന്നതുമാണ്.

## ശിപാർശ 2 (ഖണ്ഡിക 2)

### നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുക

ഹൈവേകളിൽ മോഷണം, പിടിച്ചു പറി തുടങ്ങിയ സാമൂഹിക അതിക്രമങ്ങൾ ദിനംപ്രതി വർദ്ധിച്ച് വരുന്നു. നിരീക്ഷണ ക്യാമറകൾ ഇല്ലാത്ത ട്രാഫിക് സിഗ്നലുകളിൽ സ്ഥാപിച്ചിട്ടുള്ള സോളാർ സെല്ലുകൾ, ബാറ്ററികൾ എന്നിവ അടിയ്ക്കടി മോഷണം പോകുന്നതായും കണ്ടു വരുന്നു. ഹൈവേ റോഡുകളിൽ രാത്രികാലങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങളുടെ നിരക്കും വർദ്ധിച്ചു വരുകയാണ്. സംസ്ഥാനത്തുണ്ടാകുന്ന അപകടമരണങ്ങളിൽ മിക്കവയും രാത്രികാലങ്ങളിൽ വാഹനങ്ങൾ ഇടിച്ചിട്ട് നിർത്താതെ പോകുന്നതു മൂലവും ഇരകളെ യഥാസമയം ആശുപത്രിയിൽ എത്തിക്കാത്തതു മൂലവും ഉണ്ടാകുന്നവയാണ്. ഹൈവേകളിലെ നിരീക്ഷണ ക്യാമറകളുടെ അപര്യാപ്തത കുറ്റവാളികളെ കണ്ടെത്താൻ സാധിക്കാത്തതിന് ഒരു കാരണമാണ്. മിക്ക ജില്ലകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ കുറ്റകൃത്യങ്ങളിൽ ഗണ്യമായ

കുറവ് വന്നിട്ടുള്ളതായും ക്യാമറകൾ പ്രവർത്തനരഹിതമായ സ്ഥലങ്ങളിലും സ്ഥാപിച്ചിട്ടില്ലാത്ത സ്ഥലങ്ങളിലും കുറ്റകൃത്യങ്ങളുടെ നിരക്ക് കൂടുന്നതായും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. മാവോയിസ്റ്റ് ആക്രമണ ഭീഷണിയുള്ള വയനാട്, കോഴിക്കോട് ഭാഗങ്ങളിൽ നഗരങ്ങളിലും ഹൈവേ റോഡുകളിലും നിരീക്ഷണ ക്യാമറകൾ നാമമാത്രമായേ സ്ഥാപിച്ചിട്ടുള്ളു എന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ സംസ്ഥാനത്തുടനീളം നഗരങ്ങളിലും ഹൈവേ റോഡുകളിലും കൃത്യമായ ദൂരം ഇടവിട്ടും അവശ്യം വേണ്ട സ്ഥലങ്ങളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനും സ്ഥാപിച്ചിട്ടുള്ള ക്യാമറകളിൽ കേടായവ പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ആഭ്യന്തര (എസ്.സി.) വകുപ്പ്

നഗരങ്ങളിലും ഹൈവേ റോഡുകളിലും കൂടുതൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതും അവ പ്രവർത്തനക്ഷമമായി നിലനിർത്തുന്നതും രാത്രി കാലങ്ങളിൽ റോഡുകളിൽ സംഭവിക്കുന്ന കുറ്റകൃത്യങ്ങളും വാഹനാപകടങ്ങളും കുറയ്ക്കുന്നതിനും കുറ്റവാളികളെ കണ്ടെത്തുന്നതിനും സഹായകമാണ്. കേരളത്തിലെ ദേശീയ പാതകളിൽ മാത്രമായി പോലീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ 100 വേഗത പരിശോധന ക്യാമറകളും മോട്ടോർ വാഹന വകുപ്പിന് കീഴിൽ 240 വേഗതാ പരിശോധന/നിയമലംഘന നിരീക്ഷണ ക്യാമറകളുമാണ് നിലവിലുള്ളത്. പോലീസ് വകുപ്പിന്റെ കീഴിലുള്ള പ്രവർത്തന രഹിതമായ ക്യാമറകളിൽ 31 ക്യാമറകൾ പ്രവർത്തിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ബാക്കിയുള്ള പ്രവർത്തനക്ഷമമല്ലാത്ത ക്യാമറകൾ അടിയന്തരമായി പ്രവർത്തനക്ഷമമാകുന്നതിനു വേണ്ടിയുള്ള നിർദ്ദേശം സംസ്ഥാന പോലീസ് മേധാവി മുഖാന്തരം കെൽട്രോണിന് നൽകിയിട്ടുള്ളതുമാണ്.

## ശിപാർശ 3 (ഖണ്ഡിക 3)

### സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ

സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഭാഗമായ ഫിംഗർ പ്രിന്റ് ബ്യൂറോയിൽ 1975-ലെ സ്റ്റാഫ് പാറ്റേൺ ആണ് നിലനിൽക്കുന്നതെന്നും അവിടെയും സ്റ്റേറ്റ് ഫോട്ടോഗ്രാഫിക് ബ്യൂറോയിലും വിദഗ്ധരുടെ അപര്യാപ്തത ഉള്ളതായും സമിതി മനസ്സിലാക്കുന്നു. ആധുനിക കാലഘട്ടത്തിൽ കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിൽ നൂതന ശാസ്ത്രസാങ്കേതിക വിദ്യയുടെ സ്ഥാനം ഏറെ മുന്നിലാണ്. സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനുള്ള വിദഗ്ധരുടെ അഭാവം കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിന് തെളിവുകൾ ശേഖരിക്കുന്നതിൽ കാലതാമസം വരുത്തുകയും അതുവഴി കേസുകൾ തെളിയിക്കുന്നതിനുള്ള സാധ്യത ഇല്ലാതാകുന്നതിനും കാരണമാകുന്നു. ആയതിനാൽ ഫിംഗർ പ്രിന്റ് ബ്യൂറോയുടെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിനും ആവശ്യത്തിന് സാങ്കേതിക വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നതിനും സ്റ്റേറ്റ്

ഫോട്ടോഗ്രാഫിക് ബ്യൂറോയിലെ ഒഴിവുകൾ നികത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ആഭ്യന്തര (എൻ) വകുപ്പ്

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചു. കമ്മിറ്റി ശിപാർശ പ്രകാരം സംസ്ഥാന ഫിംഗർപ്രിന്റ് ബ്യൂറോയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. ഡെപ്യൂട്ടി ഡയറക്ടർ, ടെസ്റ്റർ ഇൻസ്പെക്ടർ, ഫിംഗർ പ്രിന്റ് എക്സ്പേർട്, ഫിംഗർപ്രിന്റ് സെർച്ചർ വിഭാഗങ്ങളിലായി 42 തസ്തികകൾ സൃഷ്ടിക്കുന്നതിനു സംസ്ഥാന പോലീസ് മേധാവി ശിപാർശ നൽകിയിട്ടുണ്ട്. ആകെ 2,83,29,096/- രൂപയുടെ വാർഷിക അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്. നിലവിലെ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് ഇക്കാര്യം സർക്കാർ പരിഗണിക്കുന്നതാണ് എന്നുള്ള വിവരം സമിതിയെ അറിയിക്കുന്നു. സമിതിയുടെ ശിപാർശ പ്രകാരം ഫോട്ടോഗ്രാഫിക് ബ്യൂറോയിലെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതിന് 29.09.2023-ലെ കത്ത് പ്രകാരം സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശിപാർശ 4 (ഖണ്ഡിക 4)

### ട്രാഫിക് നിയന്ത്രണ ഡ്യൂട്ടിയ്ക്ക് പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നത് ഒഴിവാക്കുക

ട്രാഫിക് നിയന്ത്രണ ഡ്യൂട്ടിക്ക് പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കുക എന്നത് കാലഹരണപ്പെട്ട സമ്പ്രദായമാണ്. ട്രാഫിക് സുരക്ഷാ രംഗത്ത് നൂതനമായ സാങ്കേതികവിദ്യകൾ ഉള്ള ഈ കാലഘട്ടത്തിൽ മണിക്കൂറുകളോളം കഠിനമായ വെയിലത്ത് വാഹനങ്ങളിൽ നിന്ന് പുറന്തള്ളുന്ന മലിനവായു ശ്വസിച്ചും ശബ്ദ മലിനീകരണം സഹിച്ചും നിന്ന് ജോലി ചെയ്യേണ്ടി വരുന്നത് തികച്ചും ശോചനീയമാണ്. ട്രാഫിക് ഡ്യൂട്ടി ചെയ്യുന്ന 87% പോലീസ് ഉദ്യോഗസ്ഥർക്കും കേൾവി കുറവുള്ളതായി പഠനങ്ങൾ തെളിയിക്കുന്നു. ഗൗരവതരമായ ഈ അവസ്ഥയ്ക്ക് മാറ്റം വരേണ്ടതായുണ്ട്. ദൈനംദിന പ്രവർത്തനങ്ങൾക്ക് പോലീസ് ഉദ്യോഗസ്ഥരുടെ അപര്യാപ്തത രൂക്ഷമാണെന്നിരിക്കെ ട്രാഫിക്ക് ഡ്യൂട്ടിയ്ക്കുള്ള ഉദ്യോഗസ്ഥരുടെ സേവനം മറ്റ് പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ ആലോചിക്കേണ്ടതാണ്.

ഗതാഗതകുരുക്കുള്ള പ്രധാന ജംഗ്ഷനുകൾ, അപകട സാധ്യത കൂടുതലുള്ള മേഖലകൾ എന്നിവിടങ്ങളിൽ നിന്നുള്ള തത്സമയ ദൃശ്യങ്ങൾ പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ ലഭിക്കുന്നതിനും തിരക്കിന്റെ കാഠിന്യം സൂചിപ്പിക്കുന്ന ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം ഉൾപ്പെടുത്തി തിരക്കിന്റെ കാഠിന്യം അനുസരിച്ച് ട്രാഫിക്ക് സിഗ്നൽ ക്രമീകരിക്കാൻ സാധിക്കുന്നതുമായ

<u>ആധുനിക ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം മുംബൈയിലും മറ്റും നടപ്പിലാക്കിയിട്ടുള്ള മാതൃകയിൽ നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കണമെന്നും അതിനായി ബഡ്ജറ്റ് വിഹിതം ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

### <u>ആഭ്യന്തര (എസ്.സി.) വകുപ്പ്</u>

കേരളത്തിൽ Integrated Digital Traffic Enforcement System (ITES) എന്ന പ്രോജക്ട് നിലവിൽ വരുന്നതോടെ ഒരു കൺട്രോൾ സെന്ററിൽ നിന്നും എല്ലാ പ്രധാന റോഡുകളിലെയും ട്രാഫിക് നിയമ ലംഘനങ്ങൾ കണ്ടെത്താനും നടപടിയെടുക്കാനും സാധിക്കും. കെൽട്രോണുമായി സഹകരിച്ച് PPP (Public-Private Partnership) മോഡലിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ അനുമതി നല്കിയിട്ടുണ്ട്.

## <u>ശിപാർശ 5 (ഖണ്ഡിക 5)</u>

### <u>പോലീസ് വകുപ്പിലെ അംഗസംഖ്യ</u>

പോലീസ് സേനയുടെ അംഗസംഖ്യ 500:1 ആയിരിക്കണമെന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നടത്തിയ പഠനത്തിൽ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ തീരുമാനം ഉണ്ടായിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി ഒരു ഘടകമാണെങ്കിലും സംസ്ഥാനത്തിന്റെ ആഭ്യന്തര സുരക്ഷ കുറ്റമറ്റതാക്കേണ്ടത് ഒരു സർക്കാരിന്റെ പരമപ്രധാനമായ കർത്തവ്യമാണ്. മറ്റ് സംസ്ഥാനങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന പല കുറ്റകൃത്യങ്ങളും കേസായി രജിസ്റ്റർ ചെയ്യപ്പെടാതെ ഇരകൾക്ക് നീതി ലഭിക്കാതെ പോകുമ്പോൾ സംസ്ഥാന പോലീസ് വകുപ്പിന്റെ കാര്യക്ഷമത മൂലം കേരളത്തിൽ എല്ലാ കേസുകളും രജിസ്റ്റർ ചെയ്യപ്പെടുന്നത് ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തവും മാതൃകാപരവുമാണ്. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകളുടെ ബാഹുല്യം പരിഗണിക്കുമ്പോൾ സേനയുടെ അംഗസംഖ്യ തുലോം തുച്ഛമാണ്. പോലീസ് സ്റ്റേഷനുകളിൽ ഡ്യൂട്ടി ചെയ്യുന്ന പോലീസുകാരുടെ ജോലികൾ എന്നത് കേസന്വേഷണം, ക്രമസമാധാന പരിപാലനം, കോടതി ഡ്യൂട്ടി, FIR രജിസ്റ്റർ ചെയ്യുക, മഹസ്സർ എഴുത്ത്, പാറാവ് ഡ്യൂട്ടി, നൈറ്റ് പട്രോളിംഗ്, ജനറൽ ഡയറി എഴുത്ത്, പരാതികൾ അന്വേഷിക്കൽ, പാസ്പോർട്ട് വെരിഫിക്കേഷൻ, സമൻസ് - വാറണ്ട് എന്നിവ നൽകൽ, തിരക്കുള്ള സ്ഥലങ്ങളിൽ ട്രാഫിക്ക് അധിക ജോലി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിനുള്ള പരിശീലനം, അടിയന്തര പ്രശ്നങ്ങളിൽ ഇടപെടുക തുടങ്ങി നീണ്ടു പോകുന്ന നിരയാണ്. വിവിധ ഡ്യൂട്ടികൾക്ക് ആവശ്യമായ പോലീസുകാർ ഇല്ലാതെ വരുന്നത് മൂലം സേനയ്ക്ക് ശരിയായ രീതിയിൽ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് സാധിക്കാതെ വരുന്നു. ആയതിനാൽ <u>പോലീസ് വകുപ്പിൽ ഉദ്യോഗസ്ഥരുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## സർക്കാർ സ്വീകരിച്ച നടപടി

**ആഭ്യന്തര (പി) വകുപ്പ്**

സംസ്ഥാനത്തെ 484 ക്രമസമാധാന പോലീസ് സ്റ്റേഷനുകളിലേയ്ക്ക് വിവിധ തസ്തികകളിലായി 15075 അധിക അംഗബലം ആവശ്യപ്പെട്ടു കൊണ്ടുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ പി4/46/2023/ആഭ്യന്തരം നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചുവരുന്നു. കാലാകാലങ്ങളിൽ വിവിധ ഉദ്ദേശങ്ങളോടെ സേനയുടെ അംഗബലം സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശിപാർശ/റിപ്പോർട്ട് തീയതിയ്ക്ക് (31.10.2019) ശേഷം അനുവദിച്ച തസ്തികകളുടെ വിവരം അനുബന്ധം-I ആയി ചേർക്കുന്നു.

## ശിപാർശ 6 (ഖണ്ഡിക 6)

**8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം**

സംസ്ഥാനത്ത് ആകെ 51 പോലീസ് സ്റ്റേഷനുകളിലാണ് 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളത്. ഏറെ ഉത്തരവാദിത്തവും അതിനനുസരിച്ച് മാനസിക സമ്മർദ്ദവും അനുഭവിക്കേണ്ടി വരുന്ന ഒരു വിഭാഗമായതിനാൽ 8 മണിക്കൂറിൽ കൂടുതൽ തുടർച്ചയായി ജോലി ചെയ്യേണ്ടി വരുന്നത് ശാരീരികവും മാനസികവുമായ അവരുടെ ക്ഷമതയെ ബാധിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു. ജോലി ഭാരം നിമിത്തം സർവ്വീസിന്റെ അവസാനഘട്ടത്തിൽ പോലീസ് ഉദ്യോഗസ്ഥർക്കിടയിൽ സ്വയം വിരമിക്കൽ ഏറി വരുന്നതും സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. കൂടുതൽ സമയം ഒരേ നിലയിൽ ജോലി ചെയ്യേണ്ടി വരുമ്പോഴുള്ള അസ്വാസ്ഥ്യങ്ങൾ മൂലം പെരുമാറ്റത്തിൽ പരുഷതയും അപക്വതയും പ്രകടിപ്പിക്കുന്ന ഉദ്യോഗസ്ഥരും വിരളമല്ല. ആയതിനാൽ പോലീസുകാരുടെ ഡ്യൂട്ടി സമയം 8 മണിക്കൂറായി നിജപ്പെടുത്തേണ്ടത് അനിവാര്യമാണ്. സേനയുടെ അംഗബലം ഉയർത്തി എല്ലാ പോലീസ് സ്റ്റേഷനുകളിലെയും പോലീസ് ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി സമയം എട്ടു മണിക്കൂറായി ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**ആഭ്യന്തര (പി) വകുപ്പ്**

എട്ട് മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം പോലീസ് സ്റ്റേഷനുകളിൽ ഏർപ്പെടുത്തുന്ന വിഷയം പഠിക്കുന്നതിലേക്കായി രൂപീകരിച്ച വകുപ്പുതല കമ്മിറ്റി എട്ട് മണിക്കൂർ ഡ്യൂട്ടി ആവശ്യമാണെന്ന് ശിപാർശ ചെയ്തു. അതനുസരിച്ച് വിവിധ സാഹചര്യങ്ങൾ പരിശോധിച്ചുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

സാമ്പത്തിക കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിന് 17.03.2022 തീയതിയിലെ ജി.ഒ.(എം.എസ്) 51/22/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം 233 തസ്തികകൾ സൃഷ്ടിച്ചു കൊണ്ട് പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം രൂപീകരിച്ചു. സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിന് 116 തസ്തികകൾ അനുവദിച്ചും 368 തസ്തികകൾ പുനർവിന്യസിച്ചും പ്രത്യേക സൈബർ ഇൻവെസ്റ്റിഗേഷൻ വിഭാഗം 05.01.2024 തീയതിയിലെ ജി.ഒ.(എം.എസ്.) നമ്പർ 4/24/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ പോക്സോ ആക്ട് പ്രകാരമുള്ള കുറ്റകൃത്യങ്ങൾ ആന്വേഷിക്കുന്നതിന് 304 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 09.04.2025 തീയതിയിലെ ജി.ഒ.(എം.എസ്.) നമ്പർ 176/25/ആഭ്യന്തരം പ്രകാരം പ്രത്യേക പോക്സോ കേസ് അന്വേഷണ വിഭാഗവും രൂപീകരിച്ചു. പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്ന സാമ്പത്തിക കുറ്റകൃത്യങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ, പോക്സോ ആക്ട് പ്രകാരമുള്ള കുറ്റകൃത്യങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട കേസുകൾ യഥാക്രമം ബന്ധപ്പെട്ട വിഭാഗങ്ങളിലേയ്ക്ക് കൈമാറി അന്വേഷണം നടത്തിവരികയാണ്.

## ശിപാർശ 7 (ഖണ്ഡിക 7)

### പോലീസ് കംപ്ലയിന്റ് അതോറിറ്റി

ജനങ്ങൾക്ക് പോലീസിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുണ്ടാവുകയോ പോലീസ് മർദ്ദനം പോലുള്ള അനിഷ്ട സംഭവങ്ങൾ ഉണ്ടാവുകയോ ചെയ്താൽ പരാതിപ്പെടാൻ സാധിക്കുക എന്ന സദുദ്ദേശ്യത്തോടെ ആരംഭിച്ചിട്ടുള്ളതാണ് പോലീസ് കംപ്ലയിന്റ് അതോറിറ്റി. എന്നാൽ സംസ്ഥാനത്ത് പോലീസ് കംപ്ലയിന്റ് അതോറിറ്റിയിൽ എത്തുന്ന പരാതികളിന്മേൽ തീർപ്പ് കല്പിക്കുന്നതിൽ കാലതാമസം നേരിടുന്നതായി സമിതി നിരീക്ഷിക്കുന്നു. നിലവിൽ ജില്ലാതല പോലീസ് കംപ്ലയിന്റ് അതോറിറ്റി എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. എല്ലാ ജില്ലകളിലും ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റി രൂപീകരിച്ച് അവയുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കണമെന്നും അപ്പീൽ പരാതികൾ മാത്രം സംസ്ഥാന അതോറിറ്റി പരിശോധിക്കുന്ന രീതി അവലംബിച്ച് പരാതികൾ തീർപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ആഭ്യന്തര (ഇ) വകുപ്പ്

കേരള പോലീസ് ആക്ട് 2011-ലെ സെക്ഷൻ 110, സബ് സെക്ഷൻ (1) & (2)-ന്റെ അടിസ്ഥാനത്തിൽ സ.ഉ.(സാധാ) നം. 475/2012/ആഭ്യന്തരം തീയതി 17.02.2012 പ്രകാരം സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയും കേരള പോലീസ് ആക്ട് 2011-ലെ സെക്ഷൻ

110, സബ് സെക്ഷൻ (3) & (4)-ന്റെ അടിസ്ഥാനത്തിൽ സ.ഉ. (സാധാ) നം. 521/2013/ആഭ്യന്തരം തീയതി 28.02.2013 പ്രകാരം ജില്ലാതല പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയും നിലവിൽ വന്നു. ടി ഉത്തരവ് പ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിലും ജില്ലാതല പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. വടക്കൻ മേഖലയിലെ 8 ജില്ലകൾക്ക് ഒരു ചെയർപേഴ്സനേയും തെക്കൻ മേഖലയിലെ 6 ജില്ലകൾക്ക് ഒരു ചെയർപേഴ്സനേയും ആണ് നിയമിച്ചിരിക്കുന്നത്.

പോലീസ് ആക്ടിലെ നിലവിലെ വ്യവസ്ഥകൾ പ്രകാരം പോലീസ് സൂപ്രണ്ടിനും അതിനു മുകളിലുള്ള പോലീസ് ഉദ്യോഗസ്ഥരെയും സംബന്ധിച്ച പരാതികളും മറ്റ് പദവിയിലുള്ള ഉദ്യോഗസ്ഥർക്കെതിരായ ഗുരുതര സ്വഭാവത്തിലുള്ള പരാതികളുമാണ് സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി പരിഗണിച്ചു വരുന്നത്. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനും അതിനു താഴോട്ടുള്ള ഉദ്യോഗസ്ഥർക്കും എതിരായ പരാതികളാണ് ജില്ലാതല പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി പരിഗണിക്കുന്നത്. വകുപ്പുതല അന്വേഷണം ആരംഭിക്കുക, ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുക എന്നിവ സംബന്ധിച്ച് ശിപാർശ നൽകുന്നതിന് മാത്രമാണ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിക്ക് അധികാരമുള്ളത്. എന്നാൽ നടപടികൾ എടുക്കുന്നതിന് അധികാരമില്ല. അതോറിറ്റിയുടെ അധികാരം recommendary nature മാത്രമാണ്. ശിപാർശയിൽ നടപടി എടുക്കേണ്ടത് disciplinary authority ആണ്. ആയത് കൊണ്ട് അപ്പീലിലുള്ള സാധ്യത വളരെ കുറവാണ്. അതോറിറ്റിയുടെ തീരുമാനം റിട്ട് jurisdiction ചോദ്യം ചെയ്യാൻ കഴിയുന്നതുമാണ്. അതുകൊണ്ട് സ്റ്റേറ്റ് അതോറിറ്റിയ്ക്ക് അപ്പീൽ അധികാരം നൽകുന്നു മൂലം പ്രത്യേക ഗുണം ഉണ്ടാകാൻ സാധ്യതയില്ല.

നടപടിക്രമങ്ങളിൽ കാലതാമസം ഉണ്ടാകാൻ കാരണമായി കണ്ടു വരുന്ന ഒരു കാര്യം delinquent പോലീസ് ഓഫീസർക്ക് അതോറിറ്റിയിൽ നിന്നും അയക്കുന്ന നോട്ടീസുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യഥാസമയം അറിയിക്കാതിരിക്കുന്നതാണ്. കാലതാമസം ഒഴിവാക്കാൻ നോട്ടീസുകൾ യഥാസമയം നടത്താൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

## സമിതി ആവശ്യപ്പെട്ട അധികവിവരം

പോലീസ് കംപ്ലയിന്റ് അതോറിറ്റിക്ക് ശിപാർശ നൽകുന്നതിനു മാത്രമേ അധികാരമുള്ളൂവെന്നും അതിനാൽ അപ്പീലിനുള്ള സാധ്യത കുറവാണെന്നുമുള്ള മറുപടി തൃപ്തികരമല്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. പോലീസിന്റെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടാകുകയാണെങ്കിൽ അവർക്കെതിരെ പരാതി നൽകുന്നതിനും നടപടി സ്വീകരിക്കുന്നതിനുമുള്ള ഒരു സംവിധാനം എന്ന രീതിയിൽ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിക്ക് മാറാൻ കഴിഞ്ഞില്ലെങ്കിൽ അത് ജനങ്ങൾക്ക് പ്രയോജനകരമാകില്ലെന്നും, ഇന്ത്യൻ പോലീസ് ആക്ടും, ജസ്റ്റിസ് കെ.റ്റി. തോമസ് ചെയർമാനായുള്ള കമ്മീഷന്റെ ശിപാർശയും പരിശോധിച്ച് അതോറിറ്റിയെ ശരിയായ രീതിയിൽ പ്രവർത്തിപ്പിക്കാൻ കഴിയണമെന്നും അഭിപ്രായപ്പെടുകയുണ്ടായി. പോലീസ് കംപ്ലയിന്റ് അതോറിറ്റി രൂപീകരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കണമെന്നും ആയതിന്റെ സ്ഥാപന ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കണമെന്നും

അതോറിറ്റിയുടെ ശിപാർശ പ്രകാരം യഥാസമയം നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

### ആഭ്യന്തര (ഡി) വകുപ്പ്

പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികൾ നൽകുന്ന ശിപാർശകളിന്മേൽ അച്ചടക്ക നടപടി ഉൾപ്പടെയുള്ള കാര്യങ്ങളിൽ നടപടി സ്വീകരിക്കാതിരിക്കുന്ന അവസ്ഥ നിലവിലില്ല. അതിനാൽ തന്നെ അതോറിറ്റിയുടെ ശിപാർശ പ്രകാരം യഥാസമയം നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം അത്തരം സാഹചര്യം ആവശ്യമായി വരുമ്പോൾ സർക്കാർ സമുചിതമായി പരിഗണിക്കുമെന്നും ജില്ലാതല പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ അപ്പലേറ്റ് സംവിധാനം എന്ന നിലയ്ക്കല്ല, മറിച്ച് കൈകാര്യം ചെയ്യുന്ന വിഷയത്തിന്റെ ഗൗരവത്തിന്റെയും ആരോപണ വിധേയരായ ഉദ്യോഗസ്ഥരുടെ ഉയർന്ന പദവിയുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ അധികാര മേഖലകൾ നിർവ്വചിച്ചു നല്കിയിരിക്കുന്നതെന്നും ഇരുസമിതികളുടെയും ഘടനയിൽ സമഗ്രമാറ്റം വരുത്തുന്നത് സർക്കാരിന്റെ പരിഗണനയിൽ ഇല്ലെന്നും ഉള്ള വിവരം അറിയിച്ചുകൊള്ളുന്നു.

## ശിപാർശ 8 (ഖണ്ഡിക 8)

### പോലീസ് ട്രെയിനിംഗ് കോളേജുകൾ

സംസ്ഥാനത്ത് പോലീസ് സേനയിലേയ്ക്ക് റിക്രൂട്ട് ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് 9 മാസത്തെ ട്രെയിനിംഗ് നൽകുന്നതിനായി നിലവിൽ ഒരു പോലീസ് ട്രെയിനിംഗ് കോളേജും കേരള പോലീസ് അക്കാഡമിയും ഒരു ഇന്റഗ്രേറ്റഡ് ട്രെയിനിംഗ് സെന്ററുമാണുള്ളത്. റിക്രൂട്ട് ചെയ്യപ്പെടുന്ന ഒരു ബാച്ചിന്റെ ട്രെയിനിംഗ് പൂർത്തിയായ ശേഷമേ അടുത്ത ബാച്ചിന് ട്രെയിനിംഗ് കൊടുക്കാൻ കഴിയൂ എന്നത് സമയബന്ധിതമായി റിക്രൂട്ട്മെന്റ് പൂർത്തീകരിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നതായി സമിതി മനസ്സിലാക്കുന്നു. അത്യാധുനിക സാങ്കേതിക വിദ്യകൾ, ശാസ്ത്രീയമായ കുറ്റാന്വേഷണ മാർഗ്ഗങ്ങൾ, അത്യാധുനിക ആയുധ സംവിധാനങ്ങളുടെ ഉപയോഗം തുടങ്ങി ദിനംപ്രതി വികസിച്ചു കൊണ്ടിരിക്കുന്ന ശാസ്ത്രലോകത്തിന്റെ സങ്കീർണതകളെ കുറിച്ചും കുറ്റാന്വേഷണ രംഗത്തും ക്രമസമാധാന പരിപാലന രംഗത്തും ഇവയുടെ ഫലപ്രദമായ ഉപയോഗപ്പെടുത്തൽ എന്നിവ സംബന്ധിച്ചും പോലീസ് സേനയിലെ വലിയൊരു വിഭാഗം ഇപ്പോഴും അജ്ഞരാണ്. ഇത് മറി കടക്കുന്നതിന് ശാസ്ത്രീയമായ രീതിയിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ മുഴുവൻ പോലീസുകാർക്കും കൃത്യമായ ഇടവേളകളിൽ ഫലപ്രദമായ പരിശീലനം നൽകുന്നതിന് നിലവിലുള്ള പോലീസ് സേനാ

പരിശീലന സ്ഥാപനങ്ങളിലൂടെ സാധിക്കില്ല. ആയതിനാൽ ക്ൃത്യമായ ഇടവേളകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി നിലവിലുള്ള ട്രെയിനിംഗ് സെന്ററുകളിൽ മെച്ചപ്പെട്ട സംവിധാനം ഏർപ്പെടുത്തി ശാസ്ത്രീയമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും അവയിലെ പരിശീലന സൗകര്യം വിപുലപ്പെടുത്തുന്നതിനും ആവശ്യമുള്ള പക്ഷം പുതിയ ട്രെയിനിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുമായി സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ആഭ്യന്തര (എ) വകുപ്പ്

സീനിയർ സിവിൽ പോലീസ് ഓഫീസർ റാങ്ക് മുതൽ മുകളിലേക്കുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ കേസന്വേഷണത്തിലും മറ്റും പരിശീലനം ഉറപ്പാക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം സിറ്റി, പത്തനംതിട്ട, കോട്ടയം, കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, പോലീസ് ആസ്ഥാനം എന്നിവിടങ്ങളിൽ District Training Centre-കൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുള്ള ഭരണാനുമതി 03.09.2019-ലെ G.O.(Rt)1215/2019/Home നമ്പർ ഉത്തരവിലൂടെ നൽകിയിട്ടുണ്ട്. കൂടാതെ ഇടുക്കി, മലപ്പുറം, കോഴിക്കോട് സിറ്റി, കോഴിക്കോട് റൂറൽ പോലീസ് ജില്ലകളിൽ കൂടി District Training Centre-കൾ ആരംഭിക്കുന്നതിന് 31.05.2019-ലെ G.O.(Rt)1427/2019/Home നമ്പർ ഉത്തരവിലൂടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ പോലീസ് ട്രെയിനിംഗ് കോളേജുകൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## ശിപാർശ 9 (ഖണ്ഡിക 9)

### തീരദേശ സുരക്ഷ

പുരാതന കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ വിദേശശക്തികളുടെ അധിനിവേശങ്ങളും ബാഹ്യ ആക്രമണങ്ങളും കേരളത്തിന്റെ തീരപ്രദേശ മേഖലയിലൂടെയാണ് സംഭവിച്ചിട്ടുള്ളതെന്ന് കാണാം. നമ്മുടെ സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത കണക്കിലെടുത്ത് രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും അതിപ്രധാന സുരക്ഷാമേഖലയായ തീരപ്രദേശങ്ങളിൽ തീരദേശ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. കോസ്റ്റൽ സെക്യൂരിറ്റി സ്കീമിന്റെ ഭാഗമായി കേന്ദ്രസർക്കാർ കേരളത്തിന് അനുവദിച്ച 24 തീരദേശ പോലീസ് സ്റ്റേഷനുകളിൽ ആദ്യ ഫേസായ 8 എണ്ണവും രണ്ടാം ഫേസായ 10 എണ്ണവും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിലും മതിയായ സംവിധാനങ്ങളുള്ള മൂന്ന് സുരക്ഷാ ബോട്ടുകൾ വീതം ആകെ 24 ബോട്ടുകൾ മാത്രമാണ് ആദ്യഘട്ടത്തിൽ ആരംഭിച്ച 8 സ്റ്റേഷനുകൾക്കു ലഭിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. രണ്ടാം ഘട്ടത്തിലെ സ്റ്റേഷനുകളിലേക്ക് ബോട്ടുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ അവിടേക്ക് ആദ്യഘട്ടത്തിൽ ലഭിച്ച ബോട്ടുകൾ പുനർവിന്യസിച്ചിരിക്കുകയാണ്. പ്രസ്തുത ബോട്ടുകളിൽ 9 എണ്ണം മാത്രമാണ് ഇപ്പോൾ

പ്രവർത്തനസജ്ജമായുള്ളത്. അതിനാൽ തീരദേശ സ്റ്റേഷനുകളിൽ മത്സ്യബന്ധന ബോട്ടുകളാണ് പലപ്പോഴും ഉപയോഗിച്ചു വരുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. തീരദേശ സുരക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള തീരദേശ പോലീസ് സ്റ്റേഷനുകളിൽ ജോലിക്കായി നിയോഗിക്കുന്ന പോലീസ് ഉദ്യോഗസ്ഥർ മതിയായ പരിശീലനം ലഭിച്ചിട്ടില്ലാത്തവരാണെന്നും സമിതി നിരീക്ഷിക്കുന്നു. മത്സ്യബന്ധന ബോട്ടുകൾ കൂടുതൽ ദൂരം പട്രോളിംഗ് നടത്തുന്നതിനോ കരയുമായി ആശയവിനിമയം നടത്തുന്നതിനോ ഉപയോഗപ്രദമല്ല. ആയതിനാൽ തമിഴ്നാട്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലുള്ളതു പോലെ സംസ്ഥാന സർക്കാരിന്റെ പദ്ധതിയായി ഒരു തീരദേശ സുരക്ഷാ പദ്ധതി ആവിഷ്കരിക്കണമെന്നും തീരദേശ സ്റ്റേഷനുകളിൽ നിയോഗിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് മതിയായ പരിശീലനം മുൻകൂട്ടി നൽകണമെന്നും പട്രോളിംഗ്, പട്രോളിംഗ് സമയത്ത് കരയുമായി ബന്ധപ്പെടുന്നതിനുള്ള ആശയവിനിമയ സൗകര്യത്തോടും രക്ഷാപ്രവർത്തനത്തിനുള്ള ആധുനിക സജ്ജീകരണങ്ങളോടും കൂടിയ രണ്ട് ബോട്ടുകൾ വീതം ഓരോ തീരദേശ പോലീസ് സ്റ്റേഷനിലെയും ഉപയോഗത്തിനായി വാങ്ങുന്നതിനുള്ള സാമ്പത്തിക വിഹിതം വകയിരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ആഭ്യന്തര (ഇ) വകുപ്പ്

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ തീരദേശ സുരക്ഷയ്ക്കായി കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി, മറൈൻ എൻഫോഴ്സ്മെന്റ്, ഫിഷറീസ്, കസ്റ്റംസ്, കോസ്റ്റൽ പോലീസ് എന്നീ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് തീരദേശ സുരക്ഷാ പദ്ധതി ആവിഷ്കരിച്ചു വരുന്നുണ്ട് എന്നും കേരള പോലീസ് വകുപ്പിൽ സാധാരണ പോലീസ് ട്രെയിനിംഗ് മാത്രം ലഭിച്ചിട്ടുള്ള പോലീസ് സേനാംഗങ്ങളെ ആണ് കോസ്റ്റൽ പോലീസിലേക്കു നിയോഗിച്ചിട്ടുള്ളത് എന്നും കോസ്റ്റ് ഗാർഡിന്റെ നിർദ്ദിഷ്ട ജോയിന്റ് കോസ്റ്റൽ പട്രോളിംഗിന്റെ ഭാഗമായി കോസ്റ്റൽ പോലീസ് സേനാംഗങ്ങൾക്ക് Short Term ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്നും ഇതിലേക്കായി കോസ്റ്റ് ഗാർഡിന്റെ നിർദ്ദേശപ്രകാരമുള്ള നിശ്ചിത എണ്ണം അംഗങ്ങളെ വീതം കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ നിന്നും നോമിനേറ്റ് ചെയ്തിട്ടുണ്ടെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2019-20, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ പുതിയ ബോട്ടുകൾ വാങ്ങുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. ബോട്ടുകൾ നിർമ്മിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചു വരുന്നു.

## സമിതി ആവശ്യപ്പെട്ട അധികവിവരം

തീരദേശ സുരക്ഷയ്ക്കായി തീരദേശസേനാംഗങ്ങൾക്ക് മാത്രമായി രക്ഷാപ്രവർത്തനം നടത്താൻ സാധിക്കുകയില്ലെന്നും, രക്ഷാ പ്രവർത്തനം ആവശ്യമുള്ള തീരദേശമേഖലകളിൽ ഇന്ത്യൻ നേവിയുമായുള്ള ഏകോപനം അനിവാര്യമാണെന്ന് നിരീക്ഷിക്കുകയും ഇതിനുള്ള ക്രമീകരണം ഏർപ്പെടുത്തണമെന്നും, കൂടാതെ കാലവർഷവും കടലാക്രമണവും ശക്തമായ സാഹചര്യത്തിൽ രക്ഷാപ്രവർത്തനം ആവശ്യമുള്ള മേഖലകളിൽ കൂടുതൽ ബോട്ടുകളുടെ ലഭ്യത ഉറപ്പാക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

### ആഭ്യന്തര (ഇ) വകുപ്പ്

കേരള തീര സുരക്ഷ മുൻ നിർത്തി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 18 തീരദേശ പോലീസ് സ്റ്റേഷനുകൾ പൂർണ്ണമായി പ്രവർത്തന സജ്ജമായി പ്രവർത്തിക്കുന്നുണ്ട്. കോസ്റ്റൽ പോലീസ് ഉദ്യോഗസ്ഥർക്ക് കടലുമായി ബന്ധപ്പെട്ട് കൂടുതൽ പരിജ്ഞാനം ലഭിക്കുന്നതിനായി ഇന്ത്യൻ കോസ്റ്റ് ഗാർഡുമായി സഹകരിച്ച് കോസ്റ്റൽ പോലീസ് ഉദ്യോഗസ്ഥരെ വിവിധ പരിശീലന കോഴ്സുകൾക്ക് അയയ്ക്കാറുണ്ട്. കൂടാതെ എല്ലാ മാസവും ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ കപ്പലുകളിലേയ്ക്ക് ആഴക്കടലിൽ ഉള്ള പരിശീലനത്തിനായും കോസ്റ്റൽ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കാറുണ്ടെന്നും, ഇതിനായി കോസ്റ്റ് ഗാർഡിന്റെ നിർദ്ദേശപ്രകാരം നിശ്ചിത എണ്ണം പോലീസ് ഉദ്യോഗസ്ഥരെ നാമനിർദ്ദേശം ചെയ്യാറുണ്ടെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിലവിലെ പരിമിതമായ സൗകര്യങ്ങൾ കണക്കിലെടുക്കുമ്പോൾ കടലിൽ വച്ചുണ്ടാകുന്ന അപകടങ്ങളിൽ കോസ്റ്റൽ പോലീസിന് മാത്രമായി രക്ഷാ പ്രവർത്തനം നടത്തുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അടിയന്തര രക്ഷാപ്രവർത്തനം ആവശ്യമുള്ള അത്തരം ഘട്ടത്തിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ സഹായം തേടുന്നതിനു വേണ്ട നടപടി സ്വീകരിക്കാറുണ്ട്.

2023-24 സ്റ്റേറ്റ് പ്ലാൻ സ്കീമിൽ കോസ്റ്റൽ പോലീസ് സ്റ്റേഷനുവേണ്ടി ഒരു Interceptor ബോട്ട് വാങ്ങുന്നതിലേയ്ക്കായി 120 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## ശിപാർശ 10 (ഖണ്ഡിക 10)

### പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം

സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ഒട്ടുമിക്കവയും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവയുടെ വാടക ഇനത്തിൽ പ്രതിവർഷം 84 ലക്ഷം രൂപ ചെലവു വരുന്നതായും ഇത്തരത്തിലുള്ള മിക്ക കെട്ടിടങ്ങളിലും തൊണ്ടി മുതലുകൾ, തോക്ക്, മറ്റുപകരണങ്ങൾ, റെക്കോർഡുകൾ, വിലപ്പെട്ട സാധനങ്ങൾ തുടങ്ങിയവ സൂക്ഷിക്കാനുള്ള സ്റ്റോറൂം പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്തവയാണെന്നും സമിതി മനസ്സിലാക്കുന്നു. സ്വന്തമായി ലോക്കപ്പ് സംവിധാനം ഇല്ലാത്ത 55 പോലീസ് സ്റ്റേഷനുകൾ ഉണ്ട്. ഇത്തരം കെട്ടിടങ്ങളിൽ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നത് മൂലം പ്രതികളെ കസ്റ്റഡിയിൽ സൂക്ഷിക്കുന്നതിനു സാധിക്കാതെ വരികയും ലോക്കപ്പ് സംവിധാനമുള്ള മറ്റ് പോലീസ് സ്റ്റേഷനുകളിലേയ്ക്ക് പ്രതികളെ മാറ്റേണ്ടതായും വരുന്നു. നീതിനിർവ്വഹണ രംഗത്ത് സമൂഹത്തോട് ഏറ്റവും ചേർന്നു നിൽക്കുന്ന സ്ഥാപനം എന്ന നിലയിൽ കെട്ടിലും മട്ടിലും അതിന്റേതായ ഗൗരവം നിലനിർത്തേണ്ടവയാണ് പോലീസ് സ്റ്റേഷനുകൾ. ആയതിനാൽ സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ പോലീസ് സ്റ്റേഷനുകൾക്കുമായി അവശ്യ സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ വിഹിതം അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ആഭ്യന്തര (ഇ) വകുപ്പ്

2019-21 കാലഘട്ടത്തിൽ നിർമ്മിച്ച പോലീസ് സ്റ്റേഷനുകളും ആയതിലേക്ക് അനുവദിച്ച തുകകളും അനുബന്ധം-II ആയി ചേർക്കുന്നു.

പോലീസ് സ്റ്റേഷനുകൾക്ക് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണത്തിനായി ഫണ്ട് അനുവദിക്കുന്നുണ്ട്.

## സമിതി ആവശ്യപ്പെട്ട അധികവിവരം

കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത എത്ര പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ നിലവിൽ പൂർത്തിയായിട്ടുണ്ടെന്നും പൂർത്തിയാക്കാനുള്ളവ എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്നും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താണെന്നും, കോഴിക്കോട് ജില്ലയിലെ പന്തീരങ്കാവ്, തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി, ഗുരുവായൂർ ഉൾപ്പെടെ സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകൾക്കും പുതിയ കെട്ടിടം സമയബന്ധിതമായി നിർമ്മിച്ചു നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടാനും സമിതി നിർദ്ദേശിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

<u>ആഭ്യന്തര (ഇ) വകുപ്പ്</u>

കേരളത്തിൽ KPHCC (Kerala Police Construction Corporation Limited) ഏറ്റെടുത്ത പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളെ സംബന്ധിച്ച വിശദ വിവരം അനുബന്ധം-III ആയി ചേർത്തിട്ടുണ്ട്.

**കോഴിക്കോട് ജില്ലയിലെ പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ:** സ്റ്റേറ്റ് പ്ലാൻ 2021-22 പ്രകാരം പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി 6 കോടി രൂപ അടങ്കൽ തുകയ്ക്ക് ഭരണാനുമതി നൽകുകയും നിർമ്മാണം പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പദ്ധതി പ്രദേശം കോസ്റ്റൽ സോണിൽ ഉൾപ്പെട്ടതാണ് എന്ന് കേരള എൻവിയോൺമെന്റ് & കോസ്റ്റൽ മാനേജ്മെന്റ് അതോറിറ്റി അറിയിക്കുകയും നിർമ്മാണത്തിനു സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്തു. പ്രസ്തുത അതോറിറ്റിയുടെ നിർദ്ദേശപ്രകാരം 4 ലക്ഷം രൂപ ഫൈൻ അടച്ചശേഷം നിർമ്മാണ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ**: സ്റ്റേറ്റ് പ്ലാൻ 2022-23 പ്രകാരം വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി 255.93 ലക്ഷം രൂപ അടങ്കൽ തുകയ്ക്ക് ഭരണാനുമതി നൽകുകയും നിർമ്മാണം KPHCCയെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ പോലീസ് സ്റ്റേഷൻ**: പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി ലഭിക്കാത്തതിനാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല.

വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന പോലീസ് സ്റ്റേഷനുകൾക്ക് State Plan Scheme, MoPF (Modernisation of Police Forces) Scheme എന്നിവയിൽ ഉൾപ്പെടുത്തി സ്വന്തമായി കെട്ടിടങ്ങൾ സമയബന്ധിതമായി നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>ശിപാർശ 12 (ഖണ്ഡിക 12)</u>

<u>സൈബർ ഡോമുകളിൽ റിസർച്ച് വിഭാഗം രൂപീകരിക്കുക</u>

വിവര സാങ്കേതികവിദ്യയുടെ വിസ്ഫോടനപരമായ വളർച്ചയ്ക്കാണ് 21-ാം നൂറ്റാണ്ട് സാക്ഷ്യം വഹിക്കുന്നത്. സൈബർ കുറ്റകൃത്യങ്ങൾ ദിനംപ്രതി വർദ്ധിച്ച് വരുന്ന സാഹചര്യമാണുള്ളത്. സൈബർ ലോകത്തിന്റെ അനന്തസാധ്യതകൾ ഭീകരവാദ പ്രവർത്തനങ്ങൾക്കായി വലിയ തോതിൽ ഉപയോഗപ്പെടുത്തുന്നു എന്നത് രാജ്യാന്തര സുരക്ഷാ സംവിധാനങ്ങൾക്കുള്ള കടുത്ത വെല്ലുവിളിയായി മാറിയിരിക്കുന്നു. ഇന്റർനെറ്റ്, ടെലികമ്മ്യൂണിക്കേഷൻ തുടങ്ങിയ മേഖലകളിലൂടെ സുരക്ഷാ വിവരങ്ങൾ ചോർത്തുക, വിവര

സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെയുള്ള വിവിധ തരത്തിലുള്ള ചൂഷണങ്ങൾ നടത്തുക, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ സൈബർ ലൈംഗികാതിക്രമങ്ങൾ, സാമ്പത്തിക രംഗത്തും സാമൂഹിക സുരക്ഷാ രംഗത്തുമുള്ള സൈബർ ആക്രമണങ്ങൾ എന്നിവ ഭീഷണി ഉയർത്തുന്നവയാണ്. എന്നാൽ ഇവ കാര്യക്ഷമമായി നേരിടുന്നതിനുള്ള സംസ്ഥാന പോലീസ് സേനയുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിന് പര്യാപ്തമായ സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ച് കൊടുക്കേണ്ടതാണ്. ഫേസ്ബുക്ക്, ശിശുസുരക്ഷ തുടങ്ങി സൈബർ കുറ്റകൃത്യങ്ങൾ ഉൾപ്പെടുന്ന 26 ഇനങ്ങളിൽ 15 ഇനങ്ങൾ തിരുവനന്തപുരം സൈബർ ഡോമിലും ബാക്കിയുള്ളവ ഔട്ട്സോഴ്സ് ചെയ്തും കൈകാര്യം ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു. ഫേസ്ബുക്ക് വഴി ശേഖരിക്കപ്പെടുന്ന വിവരങ്ങൾ വിശകലനം ചെയ്തുകൊണ്ടുള്ള ഇന്റലിജൻസ് വിവര ശേഖരണം, CUICDS (Cyber User Identification and Crime Detection System) മുഖേന പ്രതികളെ കണ്ടെത്തുക, R.S.S (Received Signal Strength) അടിസ്ഥാനമാക്കി കുറ്റകൃത്യങ്ങൾ കണ്ടെത്തുക തുടങ്ങിയ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനും ഇത് സംബന്ധിച്ച പഠനത്തിനും സൈബർ ഡോമുകളിൽ ഒരു റിസർച്ച് വിഭാഗം ആരംഭിക്കുന്നതിനും സൈബർ ഡോമിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ആഭ്യന്തര (എം) വകുപ്പ്

സൈബർഡോമിൽ സോഷ്യൽ മീഡിയ വഴി ലഭിക്കുന്ന വിവരങ്ങൾ വിശകലനം ചെയ്യുന്നതിന്റെ ഭാഗമായി സോഷ്യൽ മീഡിയ മോണിറ്ററിങ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗം വിവിധ സോഷ്യൽ മീഡിയ വഴി പ്രചരിക്കുന്ന വിവരങ്ങൾ ദിവസേന ശേഖരിക്കുകയും ആയത് മേൽ നടപടിക്കായി സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. പ്രസ്തുത വിവരം വീക്കിലി, ഫോർട്ട് നൈറ്റ് റിപ്പോർട്ടുകളായും സമർപ്പിച്ചുവരുന്നു.

HacKP-2020 ഹാക്കത്തോണിന്റെ ഭാഗമായി ഓപ്പൺ സോഴ്സ് ഇന്റലിജൻസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് വികസിപ്പിക്കുന്ന സോഷ്യൽ മീഡിയ മോണിറ്ററിങ് പ്ലാറ്റ്ഫോം ആപ്ലിക്കേഷൻ നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലാണ്.

HacKP-2021 ഹാക്കത്തോണിന്റെ ഭാഗമായി ഡാർക്ക് നെറ്റ് മോണിറ്ററിങ് ടൂൾ (Grapnel Darknet Monitoring Tool) ഒന്നാം ഘട്ടം പൂർത്തിയാക്കിയിട്ടുള്ളതും രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനം നടന്നു വരുകയും ആണ്. രണ്ടാം ഘട്ടത്തിന്റെ പൂർത്തീകരണത്തിലൂടെ ഡാർക്ക് നെറ്റിൽ നടന്നു വരുന്ന കുറ്റകൃത്യങ്ങൾ നിരീക്ഷിക്കാനും വേണ്ട നടപടി സ്വീകരിക്കാനും സാധിക്കുന്നതാണ്.

കേരള പോലീസ് സൈബർഡോം വികസിപ്പിച്ച B Safe പ്ലാറ്റ്ഫോം ഓൺലൈൻ കുറ്റകൃത്യങ്ങൾ തടയുന്നതിനും നൂതന കുറ്റകൃത്യങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം

നൽകുന്നതിനും ഉപയോഗിച്ച് വരുന്നു.

<u>ശിപാർശ 13 (ഖണ്ഡിക 13)</u>

<u>തൊണ്ടി മുതലായി പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ പുനരുപയോഗം</u>

മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിലെ പോലീസ് സ്റ്റേഷനുകൾ പരിമിതമായ സ്ഥലത്താണ് പ്രവർത്തിക്കുന്നത്. കുറ്റകൃത്യങ്ങളിൽ തൊണ്ടി മുതലായി പിടിച്ചെടുക്കുന്ന വാഹനങ്ങൾ വർഷങ്ങളായി പോലിസ് സ്റ്റേഷൻ പരിസരങ്ങളിൽ കെട്ടിക്കിടക്കുന്നത് മൂലം കൊതുക് ശല്യം, തെരുവ് നായ്ക്കളുടെ ശല്യം മുതലായവ രൂക്ഷമാകുന്ന സാഹചര്യമാണുള്ളത്. നിലവിൽ പോലീസ് സ്റ്റേഷൻ പരിസരങ്ങൾ ഉപയോഗശൂന്യമായ വാഹനങ്ങൾ കൊണ്ട് നിറയുന്നതിനാൽ ഇഴജന്തുക്കളുടെ ശല്യവും കൂടുതലായി കണ്ടു വരുന്നു. മിക്ക പോലീസ് സ്റ്റേഷനുകളിലും സ്ഥലപരിമിതി മൂലം ഇത്തരം വാഹനങ്ങൾ റോഡരികിൽ ഇട്ടിരിക്കുന്നതിനാൽ അവ ഗതാഗത തടസ്സം സൃഷ്ടിക്കുന്നുണ്ട്. ലക്ഷങ്ങൾ വിലയുള്ള വാഹനങ്ങൾ ഇത്തരത്തിൽ ഉപയോഗശൂന്യമാകുന്നത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ ചിന്തിക്കേണ്ടതാണ്. അത്തരം വാഹനങ്ങൾ വകുപ്പിന് ഉപയോഗിക്കാൻ സാധിച്ചാൽ അവ മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ കുറയ്ക്കാൻ സാധിക്കുന്നതാണ്. <u>ആയതിനാൽ ഇത്തരം വാഹനങ്ങളിൽ ഉപയോഗയോഗ്യമായിട്ടുള്ളവ പോലീസ് വകുപ്പിന് ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ നിയമനിർമ്മാണം നടത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ആഭ്യന്തര (ജി) വകുപ്പ്</u>

കേരള പോലീസ് ആക്ട് 2011-ലെ സെക്ഷൻ 56, സബ് സെക്ഷൻ 7 പ്രകാരം ആരും അവകാശമുന്നയിക്കാത്ത, ഏറ്റെടുക്കാൻ വിസമ്മതിച്ച തൊണ്ടിമുതലായ വാഹനങ്ങൾ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം ഔദ്യോഗിക ആവശ്യങ്ങൾക്കായി പോലിസ് വകുപ്പിൽ ഉപയോഗിക്കുന്നതിനുള്ള നിയമ വ്യവസ്ഥ ഉണ്ട്.

<u>ശിപാർശ 15 (ഖണ്ഡിക 15)</u>

<u>പോലീസ് ഉദ്യോഗസ്ഥരുടെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന് നടപടി</u>

കഴിഞ്ഞ 5 വർഷത്തെ കണക്കെടുത്താൽ പോലീസ് സേനയിലെ ഉദ്യോഗസ്ഥരുടെ ആത്മഹത്യ നിരക്ക് കൂടി വരികയാണ്. ഒരു മാസം ഒരു പോലീസ് ഉദ്യോഗസ്ഥൻ മറ്റ് ദൈനംദിന ജോലികൾക്ക് പുറമേ 15 ഓളം കേസ്സുകൾ അന്വേഷിക്കേണ്ടതായിട്ടുള്ള

സാഹചര്യങ്ങൾ വരെയുണ്ട്. ദൈനംദിന ജോലികൾക്ക് പുറമേ കുടുംബകാര്യങ്ങളിലും ജോലി സംബന്ധമായ കാര്യങ്ങളിലും ഇവർ ഒട്ടേറെ മാനസിക സംഘർഷങ്ങൾ അനുഭവിക്കേണ്ടി വരും. ജോലിഭാരവും അതുമൂലമുള്ള ശാരീരികവും മാനസികവുമായ ആരോഗ്യ പ്രശ്നങ്ങളും ആത്മഹത്യയ്ക്ക് ഒരു പരിധി വരെ കാരണമാണ്. ജോലിയിലെ സമ്മർദ്ദം കുറയ്ക്കുന്നതിനായി പോലീസ് ഉദ്യോഗസ്ഥർക്കായുള്ള യോഗ പരിശീലനം, ശാരീരിക വ്യായാമങ്ങൾ എന്നിവയ്ക്കായുള്ള സെന്ററുകളും ഇത്തരം സെന്ററുകളോട് ചേർന്ന് പ്രവർത്തിക്കുന്ന കൗൺസിലിംഗ് വിഭാഗവും ഉൾപ്പെടുന്ന വിനോദ കേന്ദ്രങ്ങൾ താലൂക്കടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഓരോ യൂണിറ്റിലും തെരഞ്ഞെടുക്കുന്ന ഉദ്യോഗസ്ഥരെ പരിശീലിപ്പിച്ച് അതേ യൂണിറ്റിലെ മറ്റ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്ന സ്ട്രെസ്സ് മാനേജ്മെന്റ് പ്രോഗ്രാമുകൾ ഫലപ്രദമായി തുടർച്ചയായി നടക്കുന്നു എന്ന് ഉറപ്പാക്കണമെന്നും സംസ്ഥാനതല പോലീസ് കലാമേള എല്ലാ വർഷവും സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ആഭ്യന്തര (പി) വകുപ്പ്

പോലീസുകാരുടെ ആത്മഹത്യ തടയുന്നതിനും അമിത ജോലി ഭാരം ലഘൂകരിക്കുന്നതിനും മാനസിക പിരിമുറുക്കം കുറയ്ക്കാനും Stress Management/Financial Management ക്ലാസ്സുകൾ യൂണിറ്റ് തലത്തിൽ നൽകി വരുന്നുണ്ട്. പോലീസ് ഉദ്യോഗസ്ഥരുടെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനായി 2017 മുതൽ പോലീസ് വെൽഫെയർ ബ്യൂറോയുടെ കീഴിൽ HATS (Help and Assistance to Tackle Stress) എന്ന പേരിൽ സൈക്കോളജിക്കൽ കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. വ്യക്തിപരമോ തൊഴിൽപരമോ ആയ വെല്ലുവിളികൾ നേരിടുന്ന ഉദ്യോഗസ്ഥരെ തിരിച്ചറിഞ്ഞ്, അവർക്ക് വിദഗ്ധ കൗൺസിലിങ്ങും ഉൾക്കാഴ്ചയും നൽകുക എന്നതാണ് ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം.

## ശിപാർശ 16 (ഖണ്ഡിക 16)

### പോലീസ് ഉദ്യോഗസ്ഥർക്ക് ലീവ് അനുവദിക്കുക

മാനസിക സമ്മർദ്ദവും ശാരീരിക ബുദ്ധിമുട്ടുകളും ഏറെ അനുഭവപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ഇടയ്ക്കെങ്കിലും കുറച്ച് ദിവസം വിശ്രമിയ്ക്കാനായി ലഭിക്കുകയാണെങ്കിൽ അത് ഏറെ ആശ്വാസകരമായിരിക്കും. ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇത് സഹായകരമാകുന്നതാണ്. ആയതിനാൽ പോലീസ് ഉദ്യോഗസ്ഥർക്ക് വർഷത്തിൽ 10 ദിവസത്തിൽ കുറയാത്ത ഒഴിവുകാലം അനുവദിക്കുന്നതിന് നടപടിയുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**<u>ആഭ്യന്തര (പി) വകുപ്പ്</u>**

കെ.എസ്.ആർ. പ്രകാരം സർക്കാർ ഉദ്യോഗസ്ഥർക്കെല്ലാം ബാധകമായ അവധികൾ പോലീസ് സേനാംഗങ്ങൾക്കും അനുവദനീയമാണ്. എന്നാൽ ഇതിന് പുറമേ പോലീസ് സേനാംഗങ്ങൾക്ക് പ്രത്യേക അവശതാവധി (119 ദിവസം വരെ) സുഗമമായി അനുവദിക്കുന്നതിനായി സ.ഉ.(സാധാ)നം. 3068/2024/ഹോം തീയതി, 23.10.2024 പ്രകാരം മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 22.11.2023 തീയതിയിലെ G.O.(P) No. 113/2023/Fin പ്രകാരം കെ.എസ്.ആർ.ൽ ചട്ടം - 104 എ ഉൾപ്പെടുത്തി പോലീസ് ഉദ്യോഗസ്ഥർക്ക് ഹോസ്പിറ്റൽ അവധിയും അനുവദിച്ചുവരുന്നു.

**<u>ശിപാർശ 18 (ഖണ്ഡിക 18)</u>**

**<u>സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിംഗ് പദ്ധതിയ്ക്കായി തസ്തികകൾ സൃഷ്ടിക്കുക</u>**

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ ഒരു സ്കൂളിലേക്ക് രണ്ട് പോലീസുകാരെ വീതം കുട്ടികളുടെ പരിശീലനത്തിനായി അയയ്ക്കേണ്ടി വരുന്നു. റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരെ ഇതിനായി നിയോഗിക്കാമെങ്കിലും അത് പദ്ധതിയുടെ ഗൗരവം നഷ്ടപ്പെടുത്തിയേക്കും. ഒരു പോലീസ് സ്റ്റേഷൻ പരിധിയിൽ മൂന്നോ നാലോ സ്കൂളുകൾ ഉണ്ടെന്നും, പാറാവ് ഡ്യൂട്ടിയും നൈറ്റ് പട്രോളിംഗും കഴിഞ്ഞ് പല പോലീസ് ഉദ്യോഗസ്ഥരും അവർക്ക് പദ്ധതിയോടുള്ള താൽപര്യം മൂലമാണ് ഇപ്പോൾ സ്കൂളുകളിൽ പരിശീലനത്തിനായി പോകുന്നത് എന്നും സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ ഓരോ സർക്കിളിലും ഒരു പോലീസ് ഉദ്യോഗസ്ഥന്റേയും, പദ്ധതിയ്ക്ക് നേതൃത്വം നൽകുന്നതിനായി ഓരോ ജില്ലയിലും ജില്ലാതല ഉദ്യോഗസ്ഥന്റേയും, സംസ്ഥാനതലത്തിൽ ഒരു ഡയറക്ടറുടേയും തസ്തിക സൃഷ്ടിച്ച് ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

**<u>ആഭ്യന്തര (ഡി) വകുപ്പ്</u>**

അധിക തസ്തികകൾ സൃഷ്ടിക്കാതെ തന്നെ നിലവിലുള്ള സംവിധാനം ഉപയോഗിച്ച് എസ്.പി.സി. സംരംഭം സുഗമമായി നടത്താനാകുന്നതും, സർക്കാരിന്റെ നിലവിലെ മോശമായ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുന്നതുമാണ്.

**<u>ആഭ്യന്തര (പി) വകുപ്പ്</u>**

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് ഉൾപ്പെടെയുള്ള പദ്ധതികൾ ഏകോപിപ്പിച്ച്

നടത്തുന്നതിനായി പോലീസ് വകുപ്പിന് കീഴിൽ സോഷ്യൽ പോലീസിംഗ് ഡയറക്ടറേറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഡയറക്ടർ (DIG: Tvpm Range), അഡീഷണൽ ഡയറക്ടർ (പ്രിൻസിപ്പൽ, PTC (Police Training College)) എന്നിവർക്ക് കീഴിലാണ് ഈ ഡിവിഷൻ പ്രവർത്തിയ്ക്കുന്നത്. Student Police Cadet പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ജോലികളും നിരീക്ഷിക്കാൻ സോഷ്യൽ പോലീസിംഗ് ഡയറക്ടറേറ്റിൽ ഒരു ക്ലാർക്ക് തസ്തികയും ഉണ്ട്.

## ശിപാർശ 19 (ഖണ്ഡിക 19)

**സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിംഗിനായി ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഓണറേറിയം വർദ്ധിപ്പിച്ചു നൽകുക**

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയ്ക്കായി നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർ, കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാരായ അധ്യാപകർ എന്നിവർ അവധി ദിവസങ്ങളിലും ഓണം - ക്രിസ്തുമസ് അവധി ദിവസങ്ങൾ, സമ്മർ വെക്കേഷൻ എന്നീ അവസരങ്ങളിൽ എസ്.പി.സി. പദ്ധതിയ്ക്കായി ജോലി ചെയ്തു വരുന്നു. അധ്യാപകർക്ക് ലീവ് സറണ്ടർ പോലുള്ള ആനുകൂല്യങ്ങൾ ഇല്ലാതിരുന്നിട്ടും അവർ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്താണ് ഇപ്രകാരം ജോലി ചെയ്യുന്നത്. ആയതിനാൽ അത്തരം ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുള്ള ഓണറേറിയം വർദ്ധിപ്പിച്ചു നൽകുന്നതിന് പദ്ധതിയിൽ വിഹിതം അനുവദിക്കുന്നതിന് നടപടി ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**ആഭ്യന്തര (ഡി) വകുപ്പ്**

സ്റ്റുഡന്റ് പോലീസ് കേഡറ്റിംഗിനായി ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഓണറേറിയം വർദ്ധിപ്പിക്കുന്ന വിഷയം സർക്കാരിന്റെ നിലവിലെ മോശമായ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ പരിഗണിക്കുന്നതാണ്.

## ശിപാർശ 20 (ഖണ്ഡിക 20)

**കേസന്വേഷണവും ക്രമസമാധാനപാലനവും**

പോലീസ് സേനയുടെ വളരെ പ്രധാനപ്പെട്ട രണ്ട് ചുമതലകളാണ് ക്രമസമാധാന

പാലനവും കേസന്വേഷണവും. ക്രമസമാധാന പാലനവും കേസന്വേഷണവും ഒരുമിച്ച് കൈകാര്യം ചെയ്യുമ്പോൾ കേസ്സുകളുടെ ബാഹുല്യം നിമിത്തം രണ്ടു കാര്യങ്ങളിലും വേണ്ടത്ര ശ്രദ്ധ ചെലുത്താൻ കഴിയാതെ വരുന്നു. ഇക്കാര്യം കണക്കിലെടുത്ത് ക്രമസമാധാനപാലനത്തിനും കേസന്വേഷണത്തിനും വെവ്വേറെ ചുമതല നൽകി പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് നിരവധി പോലീസ് സ്റ്റേഷനുകളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും 150 ഓളം പോലീസ് സ്റ്റേഷനുകളിൽ ഈ രണ്ട് വിഭാഗങ്ങളും ഇപ്പോഴും പ്രത്യേക വിഭാഗങ്ങളായി കൈകാര്യം ചെയ്യപ്പെടുന്നില്ല. പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണത്തിലുള്ള കുറവ് പ്രസ്തുത സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ക്രമസമാധാനപാലനവും കേസന്വേഷണവും പ്രത്യേക വിഭാഗങ്ങളായി കൈകാര്യം ചെയ്യുന്നതിന് തസ്തിക സൃഷ്ടിക്കൽ ഉൾപ്പെടെ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ആഭ്യന്തര (പി) വകുപ്പ്

കേസന്വേഷണവും ക്രമസമാധാന പാലനവും കൈകാര്യം ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഇൻസ്പെക്ടർ SHO സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. ആകെയുള്ള 484 ക്രമസമാധാന പോലീസ് സ്റ്റേഷനുകളിൽ ഇപ്രകാരമുള്ള ഉയർന്ന തസ്തിക ആവശ്യമായ 478 സ്റ്റേഷനുകളിലും ഇൻസ്പെക്ടർ SHO സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശിപാർശ/റിപ്പോർട്ട് തീയതിയ്ക്ക് (31.10.2019) ശേഷം അനുവദിച്ച തസ്തികകളുടെ വിവരം അനുബന്ധം - I ആയി ചേർക്കുന്നു.

## ശിപാർശ 21 (ഖണ്ഡിക 21)

### വനിതാ പോലീസിന്റെ ഒഴിവുകൾ

3140 അനുവദിക്കപ്പെട്ട തസ്തികകളുള്ള വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തണമെന്നും വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ തസ്തിക അനുവദിച്ചിട്ടില്ലാത്ത പോലീസ് സ്റ്റേഷനുകളിലേക്ക് 617 വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിന്മേൽ അടിയന്തരമായി അനുകൂല തീരുമാനം ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

<u>ആഭ്യന്തര (കെ) വകുപ്പ്</u>

## ഇടക്കാല നടപടി റിപ്പോർട്ട്

സംസ്ഥാന പോലീസ് സേനയിൽ ആനുപാതികമായുള്ള വനിതാ പ്രാതിനിധ്യത്തിന്റെ കുറവ് പരമാവധി പരിഹരിച്ച് സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്ക് കൂടുതൽ ഫലപ്രദമായി പരമാവധി സേവനം എത്തിക്കുന്നതിന് സർക്കാർ മുൻഗണന നൽകിയിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (2016-21) സംസ്ഥാനത്ത് ആദ്യമായി വനിതാ ബറ്റാലിയൻ ആരംഭിച്ചു. പ്രസ്തുത ബറ്റാലിയനിൽ കൂടി വരും വർഷത്തെ ഒഴിവുകളിലേക്ക് മുൻകൂറായി നിയമനം നടത്തുന്നതിലേക്കായി 200 താൽക്കാലിക തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതകളുടെ ആവശ്യമായ അംഗബലം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി അപ്രകാരം റിക്രൂട്ട് ചെയ്യപ്പെട്ട പരിശീലനം പൂർത്തിയായ വനിതകളെ സ്റ്റേഷനുകളിൽ ആവശ്യാനുസരണം നിയോഗിച്ചിട്ടുണ്ട്.

നിലവിൽ സംസ്ഥാന പോലീസ് സേനയിലെ ജില്ലകളിലെ സിവിൽ പോലീസ് ഓഫീസർ തസ്തികകൾക്ക് ഇതര തസ്തികകളെപ്പോലെ തന്നെ ലിംഗഭേദമില്ലാത്തതാണ്. അത്തരമൊരു വിവേചനമില്ലാതെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടിയാണ് ജില്ലാ സിവിൽ പോലീസ് വിഭാഗത്തിൽ സ്വീകരിച്ചുവരുന്നത്. അതിന്റെ ഫലമായി സബ് ഇൻസ്പെക്ടർ തസ്തികയിൽ സ്ത്രീപുരുഷ വിവേചനമില്ലാതെ ഒറ്റ വിജ്ഞാപനത്തിലൂടെ പി.എസ്.സി മുഖാന്തരം റിക്രൂട്ടമെന്റ് നടത്തുകയും അവർ പ്രാഥമിക പരിശീലനം പൂർത്തിയാക്കിയിട്ടുള്ളതുമാണ്. അതുപോലെ തന്നെ സ്ത്രീ-പുരുഷ ഭേദമില്ലാതെ പോലീസ് സ്റ്റേഷനിലെ അംഗസംഖ്യയിൽ ഉൾക്കൊള്ളിക്കുന്നതിനാൽ ലിംഗവിവേചനം നേരിടുന്ന തരത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് പകരം മതിയായ അംഗബലം ഉറപ്പാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

ജില്ലാ ആംഡ് റിസർവ്, ലോക്കൽ പോലീസ് എന്നീ വിഭാഗങ്ങളെ ജസ്റ്റിസ് കെ.ടി. തോമസ് കമ്മീഷന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2010-ൽ സംയോജിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് ജില്ലാ സിവിൽ പോലീസ് വിഭാഗം രൂപീകരിക്കുകയുണ്ടായി. സംയോജന ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഡിസ്ട്രിക്ട് ഹെഡ് ക്വാർട്ടർ വിഭാഗത്തിലെ (പഴയ ആംഡ് റിസർവ്) അംഗബലത്തിൽ നിന്നും പോലീസ് സ്റ്റേഷനുകളിലേക്ക് മതിയായ അംഗബലം പുനർവിന്യാസം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിലെ സാമ്പത്തിക സ്ഥിതിയും കിഫ്ബി ഉൾപ്പെടെയുള്ള ധന സമാഹരണം സാങ്കേതികമായി തടസ്സമാകുന്നതിനാലും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അവാർഡ് വരെ അംഗസംഖ്യ വർദ്ധിപ്പിക്കാനുള്ള ശിപാർശ മാറ്റിവയ്ക്കാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ച പശ്ചാത്തലത്തിൽ, പുതിയ തസ്തിക സൃഷ്ടിക്കാനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ തൽക്കാലത്തേക്ക് നിരസിക്കുകയുണ്ടായി. എങ്കിലും ബഹു. കേരളാ നിയമസഭ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക

സ്ഥിതിയിലെ പുരോഗതിക്കനുസരിച്ച് ഘട്ടം ഘട്ടമായി അംഗബലം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേയ്ക്ക് നിലവിലുണ്ടായിരുന്ന ഒഴിവുകൾ പൂർണ്ണമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചതിനൊപ്പം വരും വർഷങ്ങളിലെ പ്രതീക്ഷിത ഒഴിവുകൾ ക്രോഡീകരിച്ച്, സൃഷ്ടിക്കപ്പെട്ട 200 താൽക്കാലിക പരിശീലന തസ്തികകൾക്ക് ആനുപാതികമായി പുതിയ ഒഴിവുകളായി പബ്ലിക് സർവ്വീസ് കമ്മീഷനിൽ മുൻകൂട്ടി റിപ്പോർട്ട് ചെയ്യുകയുണ്ടായി. അപ്രകാരം 688 ഒഴിവുകളിലേക്ക് നിയമന ശിപാർശ ലഭിക്കുകയും വനിതാ ബറ്റാലിയൻ മുഖാന്തരം ആദ്യ ബാച്ച് പരിശീലനം പൂർത്തിയാക്കിവരുന്നതുമാണ്. കൂടാതെ എസ്.റ്റി. വിഭാഗത്തിലേക്കായി സൃഷ്ടിച്ച 69 തസ്തികകൾ റിപ്പോർട്ട് ചെയ്ത് നിയമന നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

സമൂഹമാധ്യമങ്ങളിൽ സജീവമായി ഇടപെടുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജനമൈത്രി പോലീസ് സംവിധാനവും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയും കൂടുതൽ കാര്യക്ഷമമാക്കിയതിനൊപ്പം വനിതാ ഹെൽപ്പ് ലൈൻ, 'അപരാജിത ഈസ് ഓൺലൈൻ' എന്ന, സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരായ സൈബർ ആക്രമണങ്ങൾ നേരിടാനുള്ള ഓൺലൈൻ പോർട്ടൽ, എന്നിങ്ങനെ പോലീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനസൗഹൃദമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്.

<u>ഇടക്കാല നടപടി റിപ്പോർട്ടിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

പോലീസ് സേനയിലെ സ്ത്രീകളുടെ പ്രാതിനിധ്യം ദേശീയ ശരാശരിയിൽ എത്തിക്കുന്നതിനും, ലിംഗ സമത്വത്തിൽ ഡ്യൂട്ടി നൽകുന്നതിനും, കുട്ടികളുടെ സംരക്ഷണ കാര്യത്തിൽ സ്ത്രീകൾക്ക് കൂടുതൽ ഉത്തരവാദിത്തമുണ്ടെന്നുള്ള പരിഗണന നൽകി പിങ്ക് പോലീസിന്റെ ഡ്യൂട്ടി സമയം ക്രമീകരിക്കുന്നതിനും പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ആഭ്യന്തര (പി) വകുപ്പ്</u>

<u>കേരള പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്</u>

കേരള പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് (കൈ)നം.15/2017/ആഭ്യന്തരം തീയതി 30.01.2017 പ്രകാരം സംസ്ഥാനത്ത് ഒരു വനിതാ പോലീസ് ബറ്റാലിയൻ ഇതിനോടകം രൂപീകരിച്ചിട്ടുണ്ട്. 25.02.2021 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ)നം.66/2021/ആഭ്യന്തരം ഉത്തരവ് പ്രകാരം രൂപീകരിച്ച KAP 6th ബറ്റാലിയനായി ആദ്യ ഘട്ടത്തിൽ സൃഷ്ടിച്ച 100 പോലീസ് കോൺസ്റ്റബിൾ തസ്തികകളിൽ, 25

എണ്ണം വനിതകൾക്കായി അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. കേരള പോലീസിലെ ഉയർന്ന തസ്തികകളിലും വനിതകളുടെ പ്രാതിനിധ്യം ഉറപ്പ് വരുത്തുന്നതിനായി പോലീസ് സബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിലവിൽ റിക്രൂട്ട്മെന്റ് ലിംഗവ്യത്യാസമില്ലാതെ നടപ്പാക്കി കഴിഞ്ഞു. തൽഫലമായി കേരള പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം നിലവിൽ 10% ആയി ഉയർന്നിട്ടുള്ളതാണ്. വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിനു കൂടുതൽ വനിതാ തസ്തികകൾ സൃഷ്ടിക്കൽ ആവശ്യമാണ്.

**<u>ലിംഗ സമത്വത്തിൽ ഡ്യൂട്ടി നൽകുന്നത് സംബന്ധിച്ച്</u>**

കേരള പോലീസ് ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം പോലീസ് സേനാംഗങ്ങൾക്ക് ഡ്യൂട്ടി അനുവദിക്കുന്നതിൽ യാതൊരു അസമത്വവും നിലവിലില്ല. കേരള പോലീസിലെ എല്ലാ വിഭാഗങ്ങളിലും പോലീസ് കോൺസ്റ്റബിൾ മുതൽ മുകളിലോട്ട് എല്ലാ തസ്തികകളിലും പുരുഷന്മാരെപ്പോലെ തന്നെ സ്ത്രീകളും പദവികൾ വഹിക്കുന്നതും ലിംഗ സമത്വത്തിൽ തന്നെ ഡ്യൂട്ടി നിർവ്വഹിച്ച് വരുന്നതുമാണ്.

**<u>പിങ്ക് പോലീസിന്റെ ഡ്യൂട്ടി സമയം ക്രമീകരിക്കുന്നത് സംബന്ധിച്ച്</u>**

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും, നിലവിലുള്ള സ്ത്രീ സൗഹൃദ പദ്ധതികൾക്ക് പുതുജീവൻ പകരുന്നതിനും വേണ്ടിയാണ് സമഗ്രമായ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് (പൊതു, സ്വകാര്യം, ഡിജിറ്റൽ ഇടങ്ങളിൽ സ്ത്രീകളുടെ സംരക്ഷണം) എന്ന പേരിൽ ഉള്ള പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതിൽ പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്സ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, പിങ്ക് ഡിജിറ്റൽ ഡ്രൈവ് എന്നീ വിഭാഗങ്ങൾ ഉൾപ്പെടുന്നുണ്ട്. സ്ത്രീ സാന്നിധ്യം കൂടുതലായി കാണപ്പെടുന്ന പ്രദേശങ്ങളിലാണ് അവരുടെ സുരക്ഷക്കും സഹായത്തിനുമായി പിങ്ക് പട്രോൾ കാറുകൾ രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ വിന്യസിക്കപ്പെടുന്നത്. മറ്റു ഓരോ വിഭാഗത്തിന്റെയും ചുമതലകൾക്ക് അനുസൃതമായിട്ടും ലഭ്യമായ വനിതാ പോലീസ് അംഗ ബലത്തിന്റെ അടിസ്ഥാനത്തിലും ആണ് ഡ്യൂട്ടി സമയം ക്രമീകരിക്കുന്നത്.

**<u>പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമാക്കുന്നത് സംബന്ധിച്ച്</u>**

GO(Ms)No.175/2019/Home dated 05.11.2019 എന്ന സർക്കാർ ഉത്തരവ് പ്രകാരം, സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 10 വനിതാ സ്റ്റേഷനുകൾക്ക് പുറമേ 4 വനിതാ സ്റ്റേഷനുകൾ പത്തനംതിട്ട, പാലക്കാട്, ഇടുക്കി, കാസർഗോഡ് എന്നിവിടങ്ങളിൽ ആരംഭിച്ചിട്ടുള്ളതാണ്. അപ്രകാരം സംസ്ഥാനത്ത് 14 വനിതാ പോലീസ് സ്റ്റേഷനുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട്, തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, കോഴിക്കോട് റൂറൽ, വയനാട്, കണ്ണൂർ റൂറൽ എന്നിവിടങ്ങളിൽ വനിത പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനു സംസ്ഥാന പോലീസ് മേധാവിയുടെ പ്രൊപ്പോസൽ E1/270/2020/Home നമ്പർ സർക്കാർ ഫയലിൽ പരിശോധിച്ച്

വരുന്നുണ്ട്. സി.പി.ഒ. തലത്തിൽ ജെൻഡർ ന്യൂട്രൽ റിക്രൂട്ട്മെന്റ് നടത്തുന്ന വിഷയവും പി4/83/2023/ആഭ്യന്തരം നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

## സർക്കാർ സ്വീകരിച്ച നടപടി (അന്തിമ റിപ്പോർട്ട്)

### ആഭ്യന്തര (പി) വകുപ്പ്

സംസ്ഥാന പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം ഘട്ടം ഘട്ടമായി ഉയർത്തിക്കൊണ്ടു വരിക എന്നതാണ് സർക്കാർ നയം. സംസ്ഥാനത്തെ എസ്.ഐ. നിയമനം ലിംഗസമത്വത്തോടെ നടത്തിവരുന്നു. 2017 വരെ വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് ഫീഡർ ബറ്റാലിയനുകൾ വഴിയായിരുന്നു നിയമനം. പിന്നീട് അതത് ബറ്റാലിയൻ പരിധിയിൽ വരുന്ന ജില്ലകളിലേക്ക് ഓപ്ഷൻ അനുസരിച്ച് കെ.സി.പി. നിയമനം നേടുകയും ജില്ലാ പോലീസിന്റെ ഭാഗമാവുകയും ചെയ്യും. 30.01.2017 തീയതിയിലെ സ.ഉ.(കൈ) നം.15/2017/ആഭ്യന്തരം പ്രകാരം ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. മേലിൽ വനിതാ പോലീസ് കോൺസ്റ്റബിൾ നിയമനം ഈ ബറ്റാലിയൻ വഴി ആയിരിക്കും. 05.06.2017 തീയതിയിലെ സ.ഉ.(സാധാ)നം.1484/2017/ആഭ്യന്തരം നമ്പർ ഉത്തരവിലൂടെ 2017-ന് ശേഷം വനിതാ പോലീസ് കോൺസ്റ്റബിൾ നിയമനം സംസ്ഥാനാടിസ്ഥാനത്തിൽ വനിതാ പോലീസ് ബറ്റാലിയനിലേക്ക് നടത്തിവരുന്നു. വനിതാ പോലീസ് കോൺസ്റ്റബിൾ കേഡറിലെ ഒഴിവുകൾ മാത്രമാണ് മുൻകാലങ്ങളിൽ വനിതകളുടെ നിയമനത്തിനായി റിപ്പോർട്ട് ചെയ്തിരുന്നത്. സിവിൽ പോലീസ് ഓഫീസർ കേഡർ ജെൻഡർ ന്യൂട്രൽ ആണ്.

സബ് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള ലിംഗ ഭേദമന്യേയുള്ള നിയമന രീതി താഴെ തട്ടിലേയ്ക്കും നടപ്പിലാക്കുന്നതിനായി 15.10.2024-ലെ സ.ഉ.(കൈ)നം.222/2024/ആഭ്യന്തരം നമ്പർ ഉത്തരവിലൂടെ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

i. പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ ഓരോ ജില്ലയിലും വരുന്ന ഒഴിവുകളിലെ നിശ്ചിത എണ്ണം തസ്തികകൾ വനിതകൾക്കായി മാറ്റിവെച്ചു.
ii. സിവിൽ പോലീസ് ഓഫീസർ/പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും കണക്കാക്കുമ്പോൾ വരുന്ന ഓരോ 9 ഒഴിവുകളും ജില്ലയുടെ ഫീഡർ ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ നിയമനത്തിനും പത്താമത്തെ ഒഴിവ് സ്റ്റേറ്റ്-വൈഡ് പി.എസ്.സി. ലിസ്റ്റിൽ നിന്നുള്ള വനിതാ പോലീസ് കോൺസ്റ്റബിൾ നിയമനത്തിനും മാറ്റിവച്ചു. അപ്രകാരം നിയമനാനുപാതം 9:1 ആയിരിക്കും. ഇക്കാര്യം ഉറപ്പുവരുത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നല്കി.
iii. പോലീസ് കോൺസ്റ്റബിൾ പരിശീലനത്തിനായി 1200 താൽക്കാലിക RTPC (Recruitment Trainee Police Constable) തസ്തികകൾ 01.07.2024 മുതൽ ഒരു വർഷം പ്രാബല്യത്തിലേക്ക് സൃഷ്ടിച്ചു.

## ശിപാർശ 22 (ഖണ്ഡിക 22)

### ജസ്റ്റിസ് കെ.റ്റി. തോമസ് കമ്മീഷൻ ശിപാർശകൾ

പോലീസിന്റെ പ്രവർത്തനങ്ങളും ഉത്തരവാദിത്തവും സംബന്ധിച്ച് ജസ്റ്റിസ് കെ.റ്റി. തോമസ് കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ നടപ്പാക്കാൻ സർക്കാർ തീരുമാനിച്ച ശിപാർശകൾ എത്രയും പെട്ടെന്ന് നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ആഭ്യന്തര (ഇ) വകുപ്പ്

ജസ്റ്റിസ് കെ.റ്റി. തോമസ് കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്മേൽ നടപ്പാക്കാൻ സർക്കാർ തീരുമാനിച്ച ശിപാർശകളിൽ വനിതാ എസ്.ഐ. ഉൾപ്പെടെയുള്ള എസ്.ഐ. തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം, പോലീസ് കോൺസ്റ്റബിൾമാരുടെ നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത പ്ലസ് ടു ആക്കി ഉയർത്തുന്നത്, ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യൽ, in service Training, കമ്മ്യൂണിറ്റി പോലീസിന്റെ ഭാഗമായി ജനമൈത്രി പോലീസ്, സ്റ്റുഡൻസ് പോലീസ് എന്നിവ നടപ്പിലാക്കൽ, പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ അനുവദിക്കൽ, തുടങ്ങിയ ശിപാർശകൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. അവശേഷിക്കുന്നവ ഭാഗികമായി നടപ്പിലാക്കിയിട്ടുള്ളതും പൂർണ്ണമായും നടപ്പിലാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചു വരുന്നതുമാണ്.

## ശിപാർശ 23 (ഖണ്ഡിക 23)

### പോലീസിന്റെ പ്രവർത്തനം കൂടുതൽ ജനസൗഹൃദമാക്കാനുള്ള നടപടികൾ

പല സന്ദർഭങ്ങളിലും ജനങ്ങളും പോലീസുമായുള്ള ഇടപെടലുകളിൽ പൊതുജനങ്ങൾ പോലീസിനെതിരെ നിലകൊള്ളുന്നതായി സമിതി മനസ്സിലാക്കുന്നു. പല സംഭവങ്ങളിലേയും വസ്തുതകൾ വളച്ചൊടിച്ചും മറ്റും സമൂഹമാധ്യമങ്ങളിലൂടെയടക്കം പ്രചരിപ്പിക്കുകയും ഇക്കാര്യങ്ങളിലെ യഥാർത്ഥ വസ്തുത ജനങ്ങളിലെത്തിക്കാൻ കഴിയാതെ പോകുന്നതും പോലീസിനെതിരെ പൊതുജനവികാരം രൂപപ്പെടുന്നതിന് കാരണമാകുന്നതായി കാണുന്നു. ഈ സാഹചര്യത്തിൽ പോലീസിന്റെ പ്രവർത്തനം കൂടുതൽ ജനസൗഹൃദമാക്കണമെന്നും, പോലീസിന്റെ പ്രവർത്തനം ജനങ്ങൾക്ക് വേണ്ടിയാണെന്നുള്ള അവബോധം പൊതുജനങ്ങളിൽ സൃഷ്ടിക്കുന്നതിനായി സമൂഹമാധ്യമങ്ങളിലൂടെയും ഇടപെട്ടുകൊണ്ട് കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ആഭ്യന്തര (ഇ) വകുപ്പ്

a) സ.ഉ(കൈ)നമ്പർ.150/2018/ആഭ്യന്തരം തീയതി 29.09.2018 പ്രകാരം Inspector-SHO സമ്പ്രദായം 268 പോലീസ് സ്റ്റേഷനുകളിലേക്ക് കൂടി വ്യാപിപ്പിച്ചു. പരിചയസമ്പത്തും സേവനമികവുമുള്ള Inspector-SHO-യുടെ കീഴിൽ ക്രമസമാധാന പാലനത്തിനും കുറ്റാന്വേഷണത്തിനും പ്രത്യേകം പ്രത്യേകം ചുമതലയുള്ള എസ്.ഐ. മാരുടെ നേതൃത്വത്തിൽ രണ്ടു ഡിവിഷനുകൾ പ്രവർത്തിക്കുന്നതാണ്.

b) ശിശു സൗഹൃദ പോലീസ് സ്റ്റേഷൻ കുട്ടികൾക്കെതിരായ അതിക്രമങ്ങളും ചൂഷണവും ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനു സഹായകരമാണ്. കുട്ടികളുടെ പരിചരണവും സുരക്ഷിതത്വവും ഉറപ്പു വരുത്തുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, ചൈൽഡ് ലൈൻ, ഇതുമായി ബന്ധപ്പെട്ട മറ്റ് സർക്കാർ ഇതര സംഘടനകൾ, പൊതുസമൂഹം എന്നിവയുടെ ഒരു കൂട്ടായ്മ ഒരുക്കുവാൻ ഇതുവഴി കഴിയുന്നു.

c) കുട്ടികളുടെ സംരക്ഷണത്തിനും വികസനത്തിനുമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും 'CAP(Children and Police) House' എന്ന സ്റ്റേറ്റ് ലെവൽ റിസോഴ്സ് സെന്ററും രൂപീകരിച്ചിട്ടുണ്ട്.

d) മുതിർന്ന പൗരൻമാർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പോലീസ് സ്റ്റേഷനുകളിൽ SI/Additional SI/ASI എന്നിവരിൽ ആരെയെങ്കിലും designate ചെയ്യുവാനുള്ള സർക്കാർ നിർദ്ദേശത്തെ തുടർന്ന് എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇതു നടപ്പിലാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

e) പോലീസിന്റെ പ്രവർത്തനം കൂടുതൽ ജനസൗഹൃദമാക്കുന്നതിൽ ജനമൈത്രി സുരക്ഷ പദ്ധതി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി എന്നിവ പ്രധാന പങ്ക് വഹിക്കുന്നു.

f) പോലീസ് പരാതി നൽകുന്നത് ഉൾപ്പെടെയുള്ള ഓൺലൈനായി നൽകാൻ 'തുണ' എന്ന പേരിൽ പോലീസ് പൊതുജന സൗഹാർദ്ദ പോർട്ടൽ ആരംഭിച്ചു. ഈ പോർട്ടൽ വഴി പരാതി ഓൺലൈനായി അയക്കാം. എഫ്.ഐ.ആർ. ഡൗൺലോഡ്, എംപ്ലോയി വെരിഫിക്കേഷൻ, പോലീസ് നൽകുന്ന സ്വഭാവ സർട്ടിഫിക്കറ്റ്, മൈക്ക് പെർമിഷൻ, വിവിധ പരിപാടികൾ, സമരങ്ങൾ, ഉത്സവാഘോഷങ്ങൾ മുതലായവയ്ക്കുള്ള അനുമതി എന്നിവയ്ക്കും ഈ പോർട്ടൽ ഉപയോഗിക്കാം.

g) ഈ അടുത്തകാലത്തായി അവതരിപ്പിച്ച 'Kerala Police Mobile App (POL-APP)' എന്ന Citizen Centric മൊബൈൽ ആപ്ലിക്കേഷൻ പൊതുജനങ്ങൾക്ക് ഏറെ ഉപകാരപ്രദമാണ്. ഈ ആപ്ലിക്കേഷൻ, Citizen Services, Women and Child related Services, Citizen Safety Services, Information Services, Report to us, Rate our Services എന്നീ വിഭാഗങ്ങളിലായി 27 തരം സേവനങ്ങൾ ലഭ്യമാക്കുന്നു.

h) കേരളാ പോലീസിന്റെ പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ പൊതുജനങ്ങൾക്കും മാധ്യമങ്ങൾക്കും പോലീസിൽ നിന്ന് കൃത്യമായ വിവരങ്ങൾ ലഭിക്കുന്നതിനുള്ള വേദിയായി പ്രവർത്തിക്കുന്നു. കേരളാ പോലീസിന്റെ പ്രവർത്തനങ്ങളും, സേവനവും സംബന്ധിച്ച വിവരങ്ങൾ, പത്രക്കുറിപ്പുകൾ, കണക്കുകൾ എന്നീ മാർഗ്ഗങ്ങളിലൂടെ നവമാധ്യമങ്ങൾ, ഓൺലൈൻ ദൃശ്യശ്രാവ്യ മാധ്യമങ്ങൾ എന്നിവ വഴി

പൊതുജനത്തിന് ലഭ്യമാക്കുകയാണ് സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ ചെയ്യുന്നത് .

i) പോലീസ് പൊതുജന ബന്ധത്തിന് പുതുവഴി തുറന്ന് വേറിട്ട സംവേദനങ്ങളിലൂടെ കേരള പോലീസ് നവമാധ്യമ ലോകത്തു സജീവമായിരിക്കുകയാണ് . പോലീസ് സേവനങ്ങൾ സംബന്ധിച്ച വിവരങ്ങളും മറ്റും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ സോഷ്യൽ മീഡിയ സെൽ നിർണ്ണായക പങ്ക് വഹിക്കുന്നു .

j) ട്രോളുകളിലൂടെയും വീഡിയോകളിലൂടെയും രസകരമായ മറുപടികളിലൂടെയും മലയാളി മനസുകളെ കീഴടക്കിയ കേരള പോലീസിന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജ് പോലീസ് ഫേസ്ബുക്ക് പേജുകളിൽ മുൻനിരയിലാണ് .

k) ഫേസ്ബുക്കിനു പുറമെ, ട്വിറ്റർ, ഇൻസ്റ്റഗ്രാം, ഷെയർ ചാറ്റ് , യൂട്യൂബ് എന്നീ അക്കൗണ്ടുകളിലൂടെയും ജനസൗഹൃദമായ ഇടപെടലുകളാണ് കേരള പോലീസ് നടത്തുന്നത്. പോലീസ് ചെയ്യുന്ന നല്ല പ്രവർത്തികൾ ജനങ്ങളെ അറിയിക്കാനും പോലീസിനെതിരെയുള്ള വ്യാജവാർത്തകളെ പ്രതിരോധിക്കുവാനും സാമൂഹ്യമാധ്യമ ഇടപെടലിലൂടെ സാധിക്കുന്നുണ്ട് . പോലീസ് പൊതുജനങ്ങൾക്കായി നൽകുന്ന അറിയിപ്പുകൾ, കുറ്റകൃത്യങ്ങൾ തടയാനുള്ള മുൻ കരുതൽ നിർദ്ദേശങ്ങൾ, ട്രാഫിക് ബോധവൽക്കരണം, സൈബർ സുരക്ഷ സംബന്ധിച്ച അവബോധനങ്ങൾ, വ്യാജവാർത്തകൾ സംബന്ധിച്ച അറിയിപ്പുകൾ , സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ തുടങ്ങി ജനോപകാരപ്രദമായ ധാരാളം വിഷയങ്ങൾ നവമാധ്യമങ്ങളിലൂടെ നൽകുന്നു .

l) പ്രളയ കാലത്തും കോവിഡ് മഹാമാരിയുടെ കാലത്തും കേരള പോലീസ് നടത്തിയ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നവമാധ്യമങ്ങളിലൂടെ കേരള പോലീസ് നൽകിയ അറിയിപ്പുകളും മാർഗ്ഗ നിർദ്ദേശങ്ങളും ബോധവൽക്കരണ വീഡിയോകളും ശ്രദ്ധയാകർഷിക്കുകയുണ്ടായി.

## <u>അദ്ധ്യായം – III</u>

## <u>ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അധികവിവരം ആവശ്യപ്പെട്ടവയും ഇനിയും മറുപടി ലഭ്യമാക്കാത്തതുമായവ</u>

### <u>ശിപാർശ 11(ഖണ്ഡിക 11)</u>

### <u>ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക</u>

സംസ്ഥാനത്ത് കുട്ടികൾക്കെതിരെ ശാരീരികവും മാനസികവും ലൈംഗികവുമായ അതിക്രമങ്ങൾ ഇപ്പോഴും തുടർന്നു വരികയാണ് . കലുഷിതവും സങ്കീർണ്ണവുമായ മാനസികാവസ്ഥയുള്ള മാതാപിതാക്കളിൽ നിന്നും, കുട്ടികളെ പരിപാലിക്കുന്ന പരിചാരകരിൽ നിന്നും, അധ്യാപകരിൽ നിന്നുമൊക്കെ ദൗർഭാഗ്യകരമായ അനുഭവങ്ങൾ കുട്ടികൾ നേരിടേണ്ടി വരുമ്പോൾ അവ ഭയംമൂലമോ പങ്ക് വയ്ക്കുന്നതിനുള്ള സുരക്ഷിതത്വബോധമില്ലാത്തതു കൊണ്ടോ കുട്ടികൾ പുറത്ത് പറയാൻ മടിക്കാറുണ്ട്. ഭയാശങ്കയില്ലാതെ പോലീസ് സ്റ്റേഷനിൽ എത്താനും

അവരുടെ പ്രശ്നങ്ങൾ തുറന്നു പറയാനുമുള്ള സാഹചര്യങ്ങൾ കുട്ടികൾക്ക് ഉണ്ടാക്കിക്കൊടുക്കുന്നതിന് ഉദ്ദേശിച്ചാണ് ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത്. ഇത് ഫലപ്രദമാകണമെങ്കിൽ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് വ്യാപകമാക്കേണ്ടതാണ്. കൂടാതെ കുട്ടികൾക്ക് തങ്ങളുടെ പ്രശ്നങ്ങളിൽ നിന്ന് രക്ഷപ്പെട്ട് എത്തിച്ചേരുവാൻ സാധിക്കുന്ന, പ്രശ്നങ്ങൾ പരിഹരിക്കാനുള്ള അഭയകേന്ദ്രമായി ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ മാറണം. ഓരോ ശിശു സൗഹൃദ പോലീസ് സ്റ്റേഷനും സമീപ പ്രദേശങ്ങളിലെ സ്കൂളുകളെ കർമ്മപരിപാടികളിൽ സഹകരിപ്പിക്കേണ്ടതാണ്. <u>ദിവസവും ഓരോ സ്കൂളിനായി സമയം അനുവദിച്ച് പരമാവധി കുട്ടികളെ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളുമായി ബന്ധപ്പെടുത്തുക, കുട്ടികളുടെ പ്രശ്നങ്ങൾ ബോധിപ്പിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുക, ഇത്തരം സ്റ്റേഷനുകളിൽ കുട്ടികൾക്കായി പരാതിപെട്ടികൾ സ്ഥാപിക്കുക എന്നിവ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>കുട്ടികൾക്ക് സംഘർഷരഹിത മനസ്സ് ഉളവാക്കുന്നതിന് പോലീസ് വകുപ്പും വനിതാശിശു വികസന വകുപ്പും ചേർന്ന് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് കൗൺസലിംഗ് സെന്റർ തുടങ്ങാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

### <u>ആഭ്യന്തര (ജി) വകുപ്പ്</u>

വരുംതലമുറയെ സംരക്ഷിക്കുവാനും, കുട്ടികൾക്കിടയിൽ പോലീസ് സംവിധാനത്തെക്കുറിച്ചുള്ള ധാരണ തന്നെ മാറ്റിയെടുത്തു കൊണ്ട്, പോലീസുമായി ഒരു സൗഹൃദബന്ധം വളർത്തിയെടുക്കാൻ കുട്ടികളെ സഹായിക്കുകയും അതിലൂടെ തങ്ങളുടെ ആവശ്യങ്ങൾക്കായി പോലീസിനെ സമീപിക്കാൻ കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ എന്ന പദ്ധതിക്ക് തുടക്കം കുറിക്കുകയും നിലവിൽ സംസ്ഥാനത്തെ 148 പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റുകയും, ശിശുസൗഹൃദ അന്തരീക്ഷവും, സമീപനവും ഇവിടെ ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഓരോ ശിശുസൗഹൃദ പോലീസ് സ്റ്റേഷനും ബാലപീഡനത്തിനെതിരെ നിയമപാലകരായും, ബാലാവകാശങ്ങളുടെ രക്ഷാധികാരിയായും, കുട്ടികളുടെ മാർഗ്ഗദർശിയും, വിജ്ഞാന കോശവുമായും പ്രവർത്തിക്കുന്നു. ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ, ചൈൽഡ് വെൽഫയർ ഓഫീസർ, അസിസ്റ്റന്റ് ചൈൽഡ് വെൽഫയർ ഓഫീസർ എന്നിവർക്ക് മനശാസ്ത്രപരം (Psychological), ശിശുസൗഹൃദ സ്വഭാവ രൂപീകരണം (Behavioural), നിയമനടപടികൾ (Legal) എന്നീ മൊഡ്യൂളുകളിൽ കുട്ടികളുമായി ബന്ധപ്പെട്ട 8 വിഷയങ്ങളിലായി പരിശീലനം നൽകിയിട്ടുള്ളതാണ്. ഇത്തരത്തിൽ 2017-18 മുതൽ 2022-23 വരെ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളിലെ 9000 പോലീസ് ഉദ്യോഗസ്ഥർക്ക് വിവിധ ശിശു സൗഹൃദ വിഷയങ്ങളിലും കുട്ടികളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിലും പരിശീലനം നൽകിയിട്ടുണ്ട്. "വാത്സല്യം 2022" എന്ന പേരിൽ 2022 ഡിസംബറിൽ സംഘടിപ്പിച്ച ദ്വിദിന ശിശുസൗഹൃദ പരിശീലന പരിപാടിയിലൂടെ 4200 പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി.

ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ, ശിശുക്ഷേമ പോലീസ് ഉദ്യോഗസ്ഥന്മാർ ശിശുക്ഷേമ പോലീസ് ഉദ്യോഗസ്ഥകൾ എന്നിവർക്ക് പ്രത്യേക പരിശീലന പരിപാടി പോലീസ് വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. യൂണിസെഫ് - ക്യാപ് പദ്ധതി പ്രകാരം പലപ്പോഴായി നടത്തിയ ശിശു സൗഹൃദ വിഷയങ്ങളിലൂന്നിയുള്ള പരിശീലനങ്ങളിലൂടെ സംസ്ഥാനത്തെ 4350 പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ട്. സ്കൂളുകളുമായി സഹകരിച്ചുകൊണ്ട് 'Hey kids, Say No to Drugs' എന്ന പേരിൽ ഒരു ലഹരിവിരുദ്ധ യജ്ഞം നടത്തുകയും, യോദ്ധാവ് പദ്ധതിയുമായി ബന്ധപ്പെട്ട് ബോധവത്ക്കരണ ക്യാംപയിനുകൾ, റാലികൾ, ഫ്ലാഷ് മോബ് തെരുവ് നാടകങ്ങൾ മുതലായവ സംഘടിപ്പിക്കുകയും ചെയ്തു. സ്റ്റേഷനുകളിൽ എത്തുന്ന കുറ്റകൃത്യങ്ങൾക്ക് ഇരയാക്കപ്പെട്ടതോ കുറ്റകൃത്യങ്ങൾക്ക് സാക്ഷിയാകേണ്ടി വന്നിട്ടുള്ളതും മാനസിക സംഘർഷം അനുഭവിക്കുന്നതോ ആയ കുട്ടികൾക്ക് ആവശ്യമെങ്കിൽ അതാത് ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളിലെ ചൈൽഡ് വെൽഫെയർ ഓഫീസർ/അസി. ചൈൽഡ് വെൽഫെയർ ഓഫീസറുടെ നേതൃത്വത്തിൽ കൗൺസിലറുടെ സേവനം ലഭ്യമാക്കാറുണ്ട്.

സ്റ്റേറ്റ് ലെവലിൽ CHILDREN AND POLICE (CAP) HOUSE എന്ന ഓഫീസ് പേരൂർക്കട ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു. CAP HOUSE-ന്റെ കീഴിൽ CHIRI (Children's Happiness Innocence and Rejoicing Initiative) ഹെൽപ്ഡെസ്ക്, HOPE (Helping Others to Promote Education), School Protection Groups, DCRC (Domestic Conflict Resolution Centre), Digital De-Addiction Centre എന്നിവ പ്രവർത്തിച്ചുവരുന്നു.

കുട്ടികൾക്കുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ, രക്ഷകർത്താക്കളിൽ നിന്നോ, അധ്യാപകരിൽ നിന്നോ, സഹ വിദ്യാർത്ഥികളിൽ നിന്നോ മറ്റിതര വ്യക്തികളിൽ നിന്നോ ഉണ്ടാകുന്ന പീഡനങ്ങൾ, പരീക്ഷ മൂലമുണ്ടാകുന്ന മാനസിക സമ്മർദ്ദം, വീടിനുള്ളിലെ അസ്വാരസ്യങ്ങൾ എന്നിവയെ സംബന്ധിച്ച് കുട്ടികൾക്കും രക്ഷകർത്താക്കൾക്കും, അഭ്യുദയകാംക്ഷികൾക്കും, Non-Governmental Organizations-നും പരാതികൾ നേരിട്ടും Toll Free നമ്പർ ആയ 9497900200 (24X7) മുഖേനയും ബോധിപ്പിക്കുന്നതിനുള്ള സമ്പ്രദായം നിലവിലുണ്ട്. കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗ് നൽകുന്നതിന് സൈക്കോളജിസ്റ്റ്മാരുടെ സേവനം ഉപയോഗിക്കുന്നുണ്ട്.

കേരളത്തിൽ എല്ലാ സ്കൂളുകളിലും School Protection Group രൂപീകരിച്ചിട്ടുണ്ട്. SHO കൺവീനറായി ഈ ഗ്രൂപ്പുകൾ കുട്ടികളുടെ സുരക്ഷയ്ക്കും കുട്ടികൾക്ക് മനോധൈര്യം ലഭിക്കുന്നതിനും, മയക്കു മരുന്ന്, ലൈംഗിക ചൂഷണം, Cyber addiction എന്നീ ദൂഷിത വലയങ്ങളിൽ അകപ്പെടാതിരിക്കുന്നതിനും സഹായകമാണ്.

<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

പരാതി നൽകുന്ന കുട്ടികൾക്ക് സംരക്ഷണം നൽകുന്നതിനും സൗഹൃദപരമായ സമീപനം

സ്വീകരിക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്നും, വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള സേവനങ്ങൾ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്കൂളുകളെയും അറിയിക്കുകയും ആയത് സംബന്ധിച്ച് കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്യണമെന്നും ബന്ധപ്പെട്ട വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

## <u>ശിപാർശ 14 (ഖണ്ഡിക 14)</u>

## <u>തൊണ്ടി മുതലായിട്ടുള്ള വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടി</u>

തൊണ്ടി മുതലായിട്ടുള്ള വാഹനങ്ങൾ ലേലം ചെയ്യുന്നത് സംബന്ധിച്ച അധികാരം നിലവിൽ ജില്ലാ കളക്ടർക്കാണ്. എന്നാൽ ഒരു ജില്ലയുടെ മുഴുവൻ ഭരണ സംബന്ധമായ കാര്യങ്ങൾ നിർവ്വഹിക്കേണ്ട ജില്ലാ കളക്ടർക്ക് പലപ്പോഴും വളരെ സങ്കീർണമായ പ്രശ്നങ്ങളിൽ ഇടപെടേണ്ടി വരുന്ന സാഹചര്യത്തിൽ ഇത്തരം കാര്യങ്ങളിൽ ശ്രദ്ധ ചെലുത്താൻ കഴിയാറില്ല. <u>ആയതിനാൽ പോലീസ് വകുപ്പിൽ തൊണ്ടി മുതലായി പിടിച്ചെടുക്കുന്ന വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള അധികാരം അതാത് ജില്ലകളിലെ ജില്ലാ പോലീസ് സൂപ്രണ്ടിന് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

### <u>ആഭ്യന്തര (ജി) വകുപ്പ്</u>

പോലീസോ മറ്റ് നിർവ്വഹണ അധികാരികളോ പിടിച്ചെടുത്തതോ/ തടവിൽ വച്ചതോ/കണ്ടുകെട്ടിയതോ/കസ്റ്റഡിയിൽ എടുത്തതോ അല്ലെങ്കിൽ ഉപേക്ഷിക്കപ്പെട്ടതോ ആയ വാഹനങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടിക്രമം സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 11.09.2018-ലെ സ.ഉ.(പി)നം.60/2018/ആഭ്യന്തരം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസുകളിൽ ഉൾപ്പെട്ട് പിടിച്ചെടുക്കുന്ന വാഹനങ്ങൾ അതാത് പോലീസ് സ്റ്റേഷൻ പരിസരത്ത് കൂട്ടിയിടുന്നത് ഒഴിവാക്കുന്നതിനും പരിസ്ഥിതി പ്രശ്നങ്ങൾ തടയുന്നതിനും വേണ്ടി ഓരോ വാഹനത്തിന്റെയും കേസിന്റെ അവസ്ഥ അനുസരിച്ച് കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ RC ഉടമസ്ഥർക്ക് വിട്ടുനൽകിയും ലേല നടപടികൾ സ്വീകരിച്ചും വരികയാണ്. കൂടാതെ അവകാശികൾ ഇല്ലാത്തതും ഉപേക്ഷിക്കപ്പെട്ടതുമായ വാഹനങ്ങൾ തരംതിരിച്ച് കണ്ടെത്തി ടി വാഹനങ്ങൾ എല്ലാ പോലീസ് ജില്ലകളിലും MSTC (Metal Scrap Trade Corporation Limited) മുഖാന്തരം ഓൺലൈൻ ലേലം നടത്തി ലഭ്യമാകുന്ന തുക സർക്കാർ ഖജനാവിലേക്ക് മുതൽ കൂട്ടി വരുന്നുമുണ്ട്.

എല്ലാ പോലീസ് ജില്ലകളിലും ഉള്ള മേൽപ്പറഞ്ഞ വാഹനങ്ങളുടെ ലേലനടപടികൾ കൂടുതൽ സുതാര്യതയോടെയും കാര്യക്ഷമമായും നടത്തുന്നതിനും ഇപ്രകാരം തരംതിരിച്ച വാഹനങ്ങൾ ഒരു കേന്ദ്രീകൃത ഏജൻസി മുഖേന കൂട്ടത്തോടെ ലേലം നടത്തുന്നതിനുള്ള സാധ്യതയും സർക്കാർ പരിശോധിച്ച് വരികയാണ്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

തൊണ്ടി മുതലായിട്ടുള്ള വാഹനങ്ങൾ ലേലം ചെയ്യുന്നതിനാവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കണമെന്നും MSTC (Metal Scrap Trade Corporation Limited) മുഖാന്തരം എത്ര വാഹനങ്ങൾ ഓൺലൈൻ ലേലം നടത്തിയിട്ടുണ്ടെന്നും ശേഷിക്കുന്ന വാഹനങ്ങൾ എത്രയാണെന്നത് സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുവാനും വകുപ്പിനോട് സമിതി ആവശ്യപ്പെട്ടു.

## ശിപാർശ 17 (ഖണ്ഡിക 17)

### സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിംഗ്

നിയമത്തിന് അധീനരായ അച്ചടക്കബോധവും പൗരബോധവുമുള്ള ഒരു ഭാവി തലമുറയെ വളർത്തിയെടുക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെ 2012-ൽ തുടക്കം കുറിച്ച പദ്ധതിയാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്. എന്നാൽ പദ്ധതി തുടങ്ങി ഏഴ് വർഷങ്ങൾ പിന്നിട്ടിട്ടും 5000ൽപരം സ്കൂളുകളുള്ള കേരളത്തിൽ ഏകദേശം 700 ഓളം സ്കൂളുകളിൽ മാത്രമാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2012 മുതൽ സ്റ്റുഡന്റ് പോലീസ് കേഡറ്റായി സേവനം അനുഷ്ഠിച്ചിട്ടുള്ള കുട്ടികളുടെ ഡേറ്റാബേസ് പരിശോധിച്ചാൽ ഇവരിൽ ഒരാൾ പോലും കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കേരളത്തെ മാതൃകയാക്കി പ്രസ്തുത പദ്ധതി നടപ്പിലാക്കിയ മിക്ക സംസ്ഥാനങ്ങളിലും ഇന്ന് കേരളത്തേക്കാൾ മികച്ച രീതിയിൽ പദ്ധതി നടപ്പിലാക്കി വരുന്നു. കുറ്റമറ്റ ഒരു യുവത്വത്തെ സൃഷ്ടിച്ചെടുക്കാൻ ഉതകുന്ന എസ്.പി.സി. പോലുള്ള പദ്ധതികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. സംസ്ഥാനത്തെ മിക്ക സ്കൂളുകളും പ്രസ്തുത പദ്ധതി നടപ്പിലാക്കണം എന്ന ആവശ്യവുമായി മുന്നോട്ട് വന്നിട്ടുണ്ട്. സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള ലഹരി മാഫിയാ പ്രവർത്തനങ്ങൾ, പെൺകുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ, സ്കൂൾ പരിസരങ്ങളിൽ കുട്ടികളെ കടത്തി കൊണ്ടുപോവുക തുടങ്ങിയ ഒട്ടേറെ കുറ്റകൃത്യങ്ങൾ ഗണ്യമായ തോതിൽ കുറയ്ക്കാൻ എസ്.പി.സി. പദ്ധതി വ്യാപിപ്പിക്കുന്നതിലൂടെ കഴിയുന്നതാണ്.

ഒരു സ്കൂളിൽ എസ്.പി.സി. പദ്ധതി ആരംഭിക്കുന്നതിനായി യൂണിഫോമിനായി 2 ലക്ഷം രൂപയും ഇതിന്റെ നടത്തിപ്പിനായി 1 ലക്ഷം രൂപയും ഉൾപ്പെടെ 3 ലക്ഷം രൂപ പ്രതിവർഷം ചെലവ് വരുന്നതാണെന്നും ഗവൺമെന്റ് സ്കൂളുകൾക്കും എയ്ഡഡ് സ്കൂളുകൾക്കും ഈ ഫണ്ട്

ലഭിച്ചാൽ സംസ്ഥാനത്തെ നിരവധി കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഗവൺമെന്റ് സ്കൂളുകൾക്കും എയ്ഡഡ് സ്കൂളുകൾക്കും സർക്കാർ ഗ്രാന്റോടെയും അൺഎയ്ഡഡ് സ്കൂളുകളിൽ പദ്ധതി ചെലവ് പ്രസ്തുത സ്കൂളുകൾ വഹിക്കുന്ന രീതിയിലും സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ആഭ്യന്തര (ഡി) വകുപ്പ്

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി നിലവിൽ എസ്.പി.സി. പദ്ധതി പ്രവർത്തിക്കുന്ന 979 സ്കൂളുകളിൽ 930 സ്കൂളുകളിലും പദ്ധതി പ്രവർത്തനത്തിനാവശ്യമായ ഫണ്ട് പൂർണ്ണമായും സംസ്ഥാന സർക്കാരാണ് ലഭ്യമാക്കുന്നത്. കൂടാതെ 28 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ എസ്.പി.സി. പദ്ധതി പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് വഴിയും സംസ്ഥാന സർക്കാർ നൽകി വരുന്നുണ്ട്. ഇതിനു പുറമേ ഈ പദ്ധതി സംസ്ഥാനത്ത് ആകമാനം വ്യാപിപ്പിക്കുന്നതിന്റെ ആദ്യ ഘട്ടമായി അടുത്ത അദ്ധ്യയന വർഷം (2025-26) മുതൽ 70 പുതിയ സ്കൂളുകളിൽ കൂടി എസ്.പി.സി. പദ്ധതി ആരംഭിക്കുന്നതിനുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾക്ക് ഗാർഡൻ മേക്കിങ്ങിന് പരിശീലനം നൽകുകയും പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ട്രാഫിക് നിയന്ത്രണങ്ങളെ സംബന്ധിച്ച് ട്രെയിനിങ് നൽകുകയും ചെയ്യുന്നത് എസ്.പി.സി. പദ്ധതിയെ കൂടുതൽ ഫലപ്രദമാക്കുമെന്ന് നിരീക്ഷിച്ച സമിതി അൺഎയ്ഡഡ് സ്കൂളുകളിൽ പദ്ധതി ചെലവ് പ്രസ്തുത സ്കൂളുകൾ വഹിക്കുന്ന രീതിയിൽ എസ്.പി.സി. പദ്ധതി ആരംഭിക്കുന്നതിന് അനുവാദം നൽകണമെന്നത് പരിഗണിക്കണമെന്നും, ശേഷിക്കുന്ന സർക്കാർ സ്കൂളുകളിൽക്കൂടി ടി പദ്ധതി അനുവദിക്കണമെന്നും പ്രസ്തുത പദ്ധതിയ്ക്കായി മുൻപ് അനുവദിച്ചിരുന്ന തുകയിൽ കുറവ് വരുത്തുവാൻ പാടില്ലെന്നും വകുപ്പിനോട് നിർദ്ദേശിച്ചു.

## സമിതി പൊതുവായി നൽകിയ നിർദ്ദേശം

വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ട്രാഫിക് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഹോം ഗാർഡിനെ നിയമിക്കുന്നതിനുള്ള ഒരു തീരുമാനം മുമ്പ് എടുത്തിരുന്നെങ്കിലും അപൂർവം സ്ഥലങ്ങളിൽ മാത്രമേ അത് ഫലപ്രദമായി

നടപ്പിലാക്കിയിട്ടുള്ളുവെന്ന് നിരീക്ഷിച്ച സമിതി ഇക്കാര്യം പുനഃപരിശോധിച്ച് പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര ഇടപെടലുകൾ നടത്തണമെന്നും ലഹരി വസ്തുക്കളുടെ വ്യാപനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആയത് തടയുന്നതിനാവശ്യമായ പ്രത്യേക സംവിധാനവും അവയ്ക്കെതിരായ ബോധവത്കരണവും ഏർപ്പെടുത്തണമെന്നും ബന്ധപ്പെട്ട വകുപ്പിനോട് നിർദ്ദേശിച്ചു.

**കെ. കെ. ശൈലജ ടീച്ചർ,**
*ചെയർപേഴ്സൺ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2026 ഫെബ്രുവരി 24